**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 7, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

കല്ലാർകുട്ടി ഡാമിൽ കെട്ടിക്കിടക്കുന്ന ചെളിയും മാലിന്യങ്ങളും പെരിയാറി ലേയ്ക്ക് തുറന്നുവിട്ട സംഭവം

മി. സ്പീക്കർ: 50 ലക്ഷത്തിൽപ്പരം ആളുകൾ ഉപയോഗിച്ചുവരുന്ന പെരിയാറിലെ ജലം കല്ലാർകുട്ടി ഡാം തുറന്നുവിട്ടതുമൂലം മലിനീകരിക്കപ്പെട്ടിരിക്കുന്നതിനാൽ വ്യാപകമായ തോതിൽ ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി.ഡി. സതീശൻ, തോമസ് ചാഴികാടൻ, പി.കെ. അബ്ദുറബ്ബ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പെരിയാറിലെ ജലമാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നം വളരെ ഗൗരവമുള്ളത് തന്നെയാണ്.

കല്ലാർകുട്ടി ഡാം തുറന്നുവിട്ടതിനെത്തുടർന്ന് ചെളിവെള്ളവും കലങ്ങിയ വെള്ളവും പെരിയാറിൽ ഇറങ്ങിയതുമൂലം ജലദൗർലഭ്യവും മറ്റു പ്രശ്നങ്ങളുമുണ്ടായി. നേര്യമംഗലം എക്സ്റ്റൻഷൻ പ്രോജക്ടിൽ 25 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അടിയന്തിരമായി ചില നടപടികൾ ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചതിന്റെ ഫലമായാണ് ഇത്തരം സംഭവമുണ്ടായത്. ആ മേഖലയിലുള്ള നിരവധി പമ്പിംഗ് സ്റ്റേഷനുകൾ പമ്പിംഗ് നിർത്തിവച്ചു. നേര്യമംഗലം, കോതമംഗലം പ്രദേശത്ത് കുടിവെള്ള പ്രശ്നമുണ്ടായതിനാൽ ഗവണ്മെന്റ് ഇടപെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അടിയന്തിര ആശ്വാസം എന്ന നിലയിൽ ടാങ്കറുകളിൽ വെള്ളം എത്തിക്കുന്നതിനായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു. ഈ പ്രദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയുണ്ടായി. ചെളിവെള്ളം പൂർണ്ണമായി നീക്കം ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും ലോവർ പെരിയാറിലെ വെള്ളം തുറന്നുവിട്ട് നീരൊഴുക്കിലൂടെ പരമാവധി ചെളിവെള്ളം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജലജന്യ രോഗങ്ങളെപ്പറ്റി അറിഞ്ഞപ്പോൾത്തന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യോഗങ്ങൾ വിളിച്ചുചേർത്ത് ഡി.എം.ഒ.യുടെ നേതൃത്വത്തിൽ വിദഗ്ദ്ധമായ പരിശോധനകൾ നടത്തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം, ലോവർ പെരിയാർ എന്നീ

ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽ വൈദ്യുതി ഉല്പാദനം പുനരാരംഭിച്ചപ്പോൾ പാംബ്ളാ ഡാമിൽ വീണ്ടും കലങ്ങിയ വെള്ളം കണ്ടതിനാൽ വൈദ്യുതി വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുമായി സ്ഥലം സന്ദർശിച്ചശേഷം ഫലപ്രദമായ നിർദ്ദേശം സമർപ്പിക്കുന്നതിനു വേണ്ടി നിയോഗിച്ച വിദഗ്ദ്ധ സമിതി ഗവണ്മെന്റിന് റിപ്പോർട്ട് നൽകുകിയിട്ടുണ്ട്. ടർബിഡിറ്റി റേറ്റ് ഗണ്യമായ നിലയിൽ കുറഞ്ഞിട്ടുണ്ടെന്നാണ് വിദഗ്ദ്ധ സമിതിയുടെ പരിശോധനയിൽ ബോധ്യപ്പെട്ടത്. മണൽവാരൽ നടക്കുന്ന പ്രദേശങ്ങളിലാണ് ടർബിഡിറ്റി റേറ്റ് കൂടുതലായി കാണുന്നതെന്ന് ബോധ്യപ്പെട്ടതിനാൽ മണൽവാരൽ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കാൻ ജില്ലാകളക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. നാല് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽനിന്നും ശരിയായ നീരൊഴുക്കുണ്ടായതിന്റെ ഫലമായി ഇപ്പോൾ ഗണ്യമായ തോതിൽ മാലിന്യങ്ങൾ കുറഞ്ഞിട്ടുണ്ട്. ഭൂതത്താൻകെട്ടുവരെയാണ് ഇപ്പോൾ പ്രശ്നമുള്ളത്. ആശങ്കാജനകമായ സാഹചര്യം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടുണ്ട്. ടർബിഡിറ്റി റേറ്റ് ഹൈ ആയി കാണുന്ന സ്ഥലങ്ങളിലൊക്കെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ ആരോഗ്യ വകുപ്പും ഇലക്ട്രിസിറ്റി ബോർഡും ഇറിഗേഷൻ വകുപ്പും സംയോജിതമായി ഇടപെട്ടു. ചെളി പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള ഒരു ടെക്നോളജി ഇതുവരെ ലഭ്യമായിട്ടില്ല. അതു സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വതമായ പരിഹാരം നല്ല മഴവെള്ളത്തിൽ ചെളി ഫ്ളഷ്ഔട്ട് ചെയ്തുപോകുക മാത്രമാണ്. ഒരു ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാവുന്ന

എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: ജനുവരി 22--ാം തീയതി നേര്യമംഗലത്ത് പുതിയ ജനറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി കല്ലാർകുട്ടി ഡാമിലെ സ്ലൂയിസ് വാൽവ് തുറന്നുവിട്ടതുമൂലം കുറെ വർഷങ്ങളായി കെട്ടിക്കിടന്ന ചെളി മുഴുവൻ ലോവർ പെരിയാർ വഴി ഒഴുകി പെരിയാറിൽ എത്തി. 40 ലക്ഷത്തിൽപ്പരം ആളുകൾ കുടിക്കാൻ ഉപയോഗിക്കുന്നത് പെരിയാറിലെ വെള്ളമാണ്. ഇതുമൂലം അവിടെ പമ്പിംഗ് നിർത്തിവയ്ക്കേണ്ടിവന്നു. ഈ വെള്ളം കുടിച്ചതുവഴി അവിടെ മഞ്ഞപ്പിത്തവും ടൈഫോയിഡും പടർന്നു പിടിച്ചു. മഞ്ഞപ്പിത്തംമൂലം ഒരു കുട്ടി മരിച്ചു. നിരവധി കുട്ടികൾ ആശുപത്രിയിലാണ്. ശിവരാത്രി ദിവസം കുളിക്കാനിറങ്ങിയ നൂറുകണക്കിന് ഭക്തന്മാരെ ചൊറിച്ചിലും മറ്റ് അസ്വസ്ഥതകളും കാരണം സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. കൊച്ചിൻ റിഫൈനറിയിലെ പാചക വാതക പ്ളാന്റ് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ലോവർ പെരിയാർ പമ്പ്ഹൗസുകൾ പൂർണ്ണമായും അടച്ചിട്ടതിനാൽ വമ്പിച്ച ഉൽപാദന നഷ്ടമുണ്ടായി. കുടിവെള്ളത്തിന്റെ സാമ്പിൾ പരിശോധിക്കാനുള്ള ഒരു നടപടിയും ഗവണ്മെന്റ് സ്വീകരിച്ചില്ല. ജനങ്ങൾക്ക് യാതൊരു മുന്നറിയിപ്പും കൊടുക്കാതെയാണ് പെരിയാറിൽ ചെളി ഇറക്കി വിട്ടത്. പെരിയാറിലെ രണ്ട് കൈവഴികളും അടച്ചിട്ടിരിക്കുന്നതുമൂലം ഈ ചെളി ഒഴുകിപ്പോകാൻ യാതൊരു മാർഗ്ഗവുമില്ല. ആശ്വാസ നടപടികൾക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചുവെങ്കിലും എറണാകുളം ജില്ലാകളക്ടർക്ക് 25 ലക്ഷം രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ. ടാങ്കറുകളിൽ എത്തിക്കുന്നതും ചെളി

വെള്ളമാണ്. ഇതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പെരിയാറിലെ മലിനീകരണത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ട പൊല്യൂഷൻ കൺട്രോൾ ബോർഡ് നോക്കുകുത്തിയായി നിൽക്കുകയാണ് ചെയ്തത്. ഈ ചെളി നീക്കം ചെയ്യുന്നതിന് സെൻട്രൽ വാട്ടർ കമ്മിഷന്റെ അഭിപ്രായം ആരായാൻപോലും ഗവണ്മെന്റ് തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഈ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ക്യാബിനറ്റ് യോഗം ചേർന്ന് അവിടത്തെ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ അനുവദിക്കുകയും വെള്ളം എത്തിച്ചു കൊടുക്കുകയും ചെയ്തു. ഇപ്പോൾ അവിടെ വെള്ളത്തിന്റെ കാര്യത്തിൽ യാതൊരു പ്രശ്നവുമില്ല. കഴിഞ്ഞ ഗവണ്മെന്റ് രൂപം കൊടുത്ത 25 മെഗാവാട്ടിന്റെ നേര്യമംഗലം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ ഗവണ്മെന്റ് തീരുമാനിച്ചു. 20 കോടി രൂപയുടെ ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാനാവശ്യമായ വെള്ളമാണ് നേര്യമംഗലത്ത്നിന്ന് ഒരു വർഷം ഓവർഫ്ളോ ആയിപ്പോകുന്നത്. മഴയ്ക്കുമുമ്പ് ഈ പദ്ധതി പൂർത്തീകരിക്കണമെന്നുള്ളതിന്റെ ഭാഗമായി ഷട്ടർ തുറന്നപ്പോഴാണ് ഇതു സംഭവിച്ചത്. ചെളിവെള്ളം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 25 മൊഗാവാട്ടിന്റെ ഈ പദ്ധതി മേയ് മാസത്തിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. പെരിയാറിൽ ഇപ്പോൾ ചെളിവെള്ളമില്ല. പാംബ്ള റിസർവോയറിലുള്ള വെള്ളത്തിൽ ചെളിയുടെ അംശം ദിവസം കഴിയുന്തോറും കുറഞ്ഞുവരുന്നുണ്ട്. ടർബിഡിറ്റി റേറ്റ് ഇപ്പോൾ നോർമലായിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): അവിടെ മഞ്ഞപ്പിത്തബാധയുണ്ടായി എന്നറിഞ്ഞയുടൻ തന്നെ ഡി.എച്ച്.എസ്., ഡി.എം.ഒ. എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ഡി.എം.ഒ. അവിടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. രോഗബാധ മോണിറ്റർ ചെയ്യുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്തു. ഫലപ്രദമായി ഇടപെടാൻ സാധിച്ചതുകൊണ്ട് മഞ്ഞപ്പിത്തരോഗം നിയന്ത്രണവിധേയമായിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഓരോ ദിവസവും കുടിവെള്ളം പരിശോധിക്കുന്നുണ്ട്. ഇപ്പോൾ ശുദ്ധമായ ജലമാണ് ആ പ്രദേശത്ത് വിതരണം ചെയ്യുന്നത്.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: പെരിയാറിന്റെ മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അന്തർദേശീയ വൈദഗ്ദ്ധ്യമുള്ളവരുമായി കൺസൾട്ട് ചെയ്ത് സംസ്ഥാനത്തെ വിവിധ ഏജൻസികളുമായി ആലോചിച്ചാണ് തീരുമാനങ്ങളെടുത്തിട്ടുള്ളത്. അപ്രതീക്ഷിതമായുണ്ടായ വീഴ്ചയുടെ ഫലമായി കുടിവെള്ളത്തിൽ ചെളിവെള്ളം കലർന്നത് ആശങ്കയുളവാക്കിയിരുന്നു. ക്യാബിനറ്റ് തീരുമാനമനുസരിച്ച് അത്തരം സ്ഥലങ്ങളിൽ പമ്പിംഗ് നിർത്തിവച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. ഗവണ്മെന്റ് സമ്മതിച്ച വീഴ്ച പരിഹരിക്കപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. പെരിയാറിന്റെ കരകളിൽ മുന്നൂറോളം വ്യവസായശാലകളുള്ളതിനാൽ മലിനീകരണത്തെപ്പറ്റി പ്രത്യേകമായി ചർച്ച ചെയ്യേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): കടുത്ത വരൾച്ച നേരിടാൻ പോകുന്ന സാഹചര്യത്തിൽ വെള്ളത്തിന്റെ ലെവൽ താഴുമ്പോൾ വീണ്ടും ചെളിയുടെ പ്രശ്നമുണ്ടാകാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. വെള്ളത്തിൽ ബാക്ടീരിയ വളരെയധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടത്തെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: വെള്ളത്തിന്റെ ഒഴുക്കുണ്ടാകുമ്പോഴാണ് ചെളിവെള്ളമുണ്ടാകുന്നത്. വെള്ളം സ്റ്റെബിലൈസ് ചെയ്ത് നിൽക്കുമ്പോൾ ചെളിവെള്ളമുണ്ടാകാനുള്ള സാധ്യതയില്ല. വിദഗ്ദ്ധ സമിതി നൽകിയ റിപ്പോർട്ടിൽ മണൽ വാരൽ പ്രദേശങ്ങളിലാണ് ടർബിഡിറ്റി റേറ്റ് കൂടുതലുള്ളത് എന്നാണ് പറയുന്നത്. അങ്ങനെയുള്ള പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാം. എറണാകുളം ജില്ലയിലെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

## ശ്രദ്ധക്ഷണിക്കൽ

(1) 2006-ലെ കേരള രജിസ്ട്രേഷൻ ഓഫ് മാര്യേജ് (കോമൺ) റൂൾസ്

ശ്രീ. എം. ഉമ്മർ: കേരളത്തിലെ വിവിധ മതവിഭാഗങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതുമാണ് പുതുക്കിയ വിവാഹ രജിസ്ട്രേഷൻ നിയമം. സുപ്രീം കോടതി നിർദ്ദേശത്തിന്റെ ചുവടുപിടിച്ച് നിയമവകുപ്പ് തയ്യാറാക്കിയ ഒരു ഡ്രാഫ്റ്റ് റൂൾ പ്രകാരം ചില നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ഗവണ്മെന്റ്

ശ്രമിച്ചിരിക്കുന്നത്. ജാതിയോ മതമോ രേഖപ്പെടുത്തുന്നതിന് വിവാഹം രജിസ്റ്റർ ചെയ്യാനുള്ള ഫോറത്തിൽ പ്രൊവിഷൻ വച്ചിട്ടില്ല. ഏത് ആചാര പ്രകാരവും നിയമപ്രകാരവുമാണ് വിവാഹം നടന്നതെന്ന് രേഖപ്പെടുത്താനുള്ള കോളമില്ല. രജിസ്ട്രാർ ഓഫീസിൽ പോയി ഒരു കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ രണ്ടുപേർ തമ്മിൽ വിവാഹം രജിസ്റ്റർ ചെയ്താൽപോലും രണ്ട് സാക്ഷികൾ ഒപ്പുവയ്ക്കുകയാണെങ്കിൽ വിവാഹ രജിസ്റ്ററിൽ ചേർക്കാമെന്നാണ് നിലവിലുള്ള നിയമം. അങ്ങനെ കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ പോയി രജിസ്റ്റർ ചെയ്യുന്നു എന്ന ഒറ്റ കാരണത്താൽ ആ വിവാഹത്തിന് സാധുതയുണ്ടാവുകയില്ല. വിവാഹം നടന്ന ആരാധനാലയം ഏതെന്ന് രേഖപ്പെടുത്താൻ കോളമില്ല. അങ്ങനെയുള്ള വിവാഹത്തിന് അംഗീകാരം ലഭിക്കുകയുമില്ല. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം രജിസ്ട്രാർ ഓഫീസിൽ പോയി വിവാഹ മെമ്മോറാണ്ഡം ഫയൽ ചെയ്യുന്നതിലൂടെ വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കുമെങ്കിലും ഈ വിവാഹം നിയമപരമായി നിലനിൽക്കുകയില്ലെന്ന് മാത്രമല്ല, സി.ആർ.പി.സി. 125 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുമില്ല. അങ്ങനെയുള്ള വിവാഹത്തിൽ വിവാഹമോചനം നേടുകയാണെങ്കിൽ ആ സ്ത്രീക്ക് പരിരക്ഷപോലും ലഭിക്കുകയില്ല. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുൻകാല പ്രാബല്യം പറഞ്ഞിട്ടുള്ളത് വർഷങ്ങൾക്കു മുമ്പ് വിവാഹം നടന്നവരുടെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കും. ഏത് ആചാര പ്രകാരം എവിടെവച്ചാണ് വിവാഹം നടന്നത് അവിടെ നിന്നും വിവാഹ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള വ്യവസ്ഥയുണ്ടാകണം. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുൻകാലപ്രാബല്യം നൽകുന്ന വ്യവസ്ഥ പുന: പരിശോധിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): എല്ലാ സംസ്ഥാന ഗവണ്മെന്റുകളും അവരവരുടെ സംസ്ഥാനത്ത് നടത്തുന്ന വിവാഹങ്ങൾ കർശനമായി രജിസ്റ്റർ ചെയ്യണമെന്ന ചട്ടം 2006 മേയ് 14–നുള്ളിൽ പുറപ്പെടുവിക്കണമെന്ന സുപ്രീം കോടതി വിധി പ്രകാരം കേരളത്തിലും ചട്ടങ്ങളുണ്ടാക്കാൻ ഗവണ്മെന്റ് തീരുമാനിക്കുകയും കരട് ചട്ടം അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ചട്ടമുണ്ടാക്കുന്നതിന് മന്ത്രിസഭ കുറിപ്പ് തയ്യാറാക്കി നിയമവകുപ്പിൽ സമർപ്പിച്ചിരിക്കുകയാണ്. ഇത് നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തും. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നുവെന്ന് പറയുന്നത് ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീകളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ആവശ്യമാണ്.

### (2) കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി: 2007-2008–ലെ കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ എണ്ണയുടെ തീരുവ കുറച്ചതിനാലും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്താത്തതിനാലും കേരളത്തിലെ കർഷകർ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഭക്ഷ്യ എണ്ണയുടെ 4 ശതമാനം അധിക തീരുവ റദ്ദാക്കിയ നടപടി കേരളത്തിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. കേരളത്തിലെ പകുതിയോളം ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമാണ് നാളികേര വിലയിടിവുകൊണ്ട് ഉണ്ടാകാൻ

പോകുന്നത്. മാത്രമല്ല തകർച്ച നേരിടുന്ന വെളിച്ചെണ്ണ വിപണിയെ നാശത്തിലേയ്ക്ക് തള്ളിവിടുന്ന നടപടികൂടിയാണിത്. അതുകൊണ്ട് എണ്ണയുടെ ഇറക്കുമതി തീരുവ കുറച്ച നടപടിയും സൂര്യകാന്തി എണ്ണയുടെ വില കുറച്ച നടപടിയും പുന:പരിശോധിക്കണം. കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി വർദ്ധിപ്പിക്കാനുള്ള തീരുമാനം കേരളത്തിന്റെ നാണ്യവിളമേഖലയെ വലിയ നാശത്തിലേയ്ക്ക് നയിക്കും. വിഭവ സമാഹരണ രംഗത്ത് കോ-ഓപ്പറേറ്റീവ് മേഖലയെ സംബന്ധിച്ച് കേന്ദ്ര ബഡ്ജറ്റിൽ യാതൊന്നും പറഞ്ഞിട്ടില്ല. കോ-ഓപ്പറേറ്റീവ് മേഖലയ്ക്ക് സബ്സിഡിയായി അനുവദിച്ച 60,000 കോടി രൂപയിൽനിന്ന് ചെറിയൊരു പങ്ക് നൽകിയാൽ കാർഷിക മേഖല രക്ഷപ്പെടും. കാർഷിക മേഖലയിൽ പൊതു നിക്ഷേപം വർദ്ധിപ്പിക്കണം. ഡോ: സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന രീതിയിൽ 4 ശതമാനം പലിശയ്ക്ക് കർഷകർക്ക് വായ്പ അനുവദിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തെ ഗുരുതരമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ കേന്ദ്ര ബഡ്ജറ്റിലുണ്ട്. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ കുറച്ച ഗൗരവമായ വിഷയം പൊതുശ്രദ്ധയിൽ കൊണ്ടുവന്ന് തിരുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ കുറവുചെയ്തതും ഇറക്കുമതി തോത് വർദ്ധിപ്പിച്ചതും കേരളത്തിലെ നാളികേര കർഷകരെ വൻ ദുരിതത്തിലാക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പിടിച്ചുലയ്ക്കുകയും ചെയ്യും. കേന്ദ്ര സർക്കാരിന്റെ ഈ നിലപാട് ഇൻഡ്യൻ കമ്പോളത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കമ്പോളത്തിൽ വെളിച്ചെണ്ണയുടെ വില ക്രമാതീതമായി

കുറഞ്ഞിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഏകപക്ഷീയ തീരുമാനങ്ങൾ കേരളത്തിലെ കർഷകരെയാണ് കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. സംസ്ഥാനത്തെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ 300 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് നിരവധി തവണ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. കിഴക്കൻ എഷ്യൻ രാജ്യങ്ങളുമായി കേന്ദ്ര സർക്കാർ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന സ്വതന്ത്ര വ്യാപാര കരാറുകൾമൂലമാണ് തീരുവ കുറയ്ക്കുന്നത്. ഇത്തവണ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം വന്ന ഉടൻതന്നെ കേരളത്തിലെ കേര കർഷകരെ രക്ഷിക്കാൻ കേന്ദ്ര കൃഷി വകുപ്പുമന്ത്രി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അടിയന്തിര ഫാക്സ് സന്ദേശം അയച്ചു. കേന്ദ്രം കൈക്കൊള്ളുന്ന ചില നടപടികൾ കാർഷിക രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ 300 ശതമാനമായി ഉയർത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ സഹകരണം ഉണ്ടാകണം. കേരളത്തിന്റെ പൊതു വികാരം എന്ന നിലയിൽ ഇത് തിരുത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>സർക്കാർ സ്ഥാപനങ്ങളിലെ വെബ്സൈറ്റുകൾ അപ്ഡേറ്റുചെയ്യാൻ നടപടി</u>

ശ്രീ. സാജു പോൾ: വെബ്സൈറ്റുകൾ പലതും ഇന്ന് അപ്ഡേറ്റ് ചെയ്യുന്നില്ല. എല്ലാ വിവരങ്ങളും നൽകേണ്ട വിവരാവകാശ കമ്മീഷന്റെ സൈറ്റും അപ്ഡേറ്റ് ചെയ്തിട്ടില്ല. വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മറ്റും അതാത് സൈറ്റുകളിൽ ചേർക്കാൻ സാധിക്കണം. ഇതിനായി എല്ലാ വകുപ്പുകളിലും പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കണം. സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്ന ഗവൺമെന്റ് നയം നടപ്പാക്കണം. സർക്കാർ കേന്ദ്രീകൃത വെബ്സൈറ്റ് ഉണ്ടാക്കണം. ഒരു പൊതു സർവ്വർ വഴി സർക്കാരിന്റെ സൈറ്റുകളുടെ തുടർച്ച നിലനിർത്തണം. എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങളുടേയും വിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വിവിധ വകുപ്പുകളുടെ ആവശ്യപ്രകാരം അതാത് വകുപ്പുകളുടെ വെബ്സൈറ്റുകൾ തയ്യാറാക്കി നിലനിർത്തുന്നത് പബ്ളിക് റിലേഷൻസ് വകുപ്പാണ്. സൈറ്റുകളിൽ ചേർക്കേണ്ട ഉള്ളടക്കം നൽകേണ്ടതും കാലാകാലങ്ങളിൽ അത് പരിഷ്ക്കരിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകളാണ്. ഈ ജോലി കൃത്യമായി നിർവ്വഹിക്കുന്നതിന് ഓരോ വകുപ്പിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും ഉള്ളടക്ക വിപുലീകരണത്തിനായി ഒരു എഡിറ്റോറിയൽ വിംഗ് രൂപീകരിക്കണമെന്നും ഉപഭോക്താക്കളായ ജനങ്ങളുടെ ആവശ്യാനുസരണം ഉള്ളടക്കം വിപുലീകരിച്ച് നൽകണമെന്നും പബ്ളിക് റിലേഷൻസ് വകുപ്പിൽനിന്നും നൽകിയിട്ടുള്ള നിർദ്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. നോഡൽ ഓഫീസർമാർ സ്ഥലംമാറി പോകുന്നതിനാലും ഇലക്ട്രോണിക് മാധ്യമരംഗത്ത് അവർക്ക്

വേണ്ടത്ര പരിശീലനമില്ലാത്തതിനാലും വെബ്സൈറ്റുകളിലൂടെയുള്ള ഉള്ളടക്കം നൽകൽ കാര്യക്ഷമമാകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാൻ എല്ലാ സെക്രട്ടറിമാരും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും നോഡൽ ഓഫീസർമാർക്ക് പ്രത്യേക പരിശീലനം നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ വകുപ്പുകളിലേയും വെബ്സൈറ്റുകൾ മോണിറ്റർ ചെയ്യുന്നതിനും ജനങ്ങൾക്ക് ഫലപ്രദമാകുന്ന രീതിയിൽ പുന:സംവിധാനം ചെയ്യുന്നതിനും പബ്ളിക് റിലേഷൻസ് വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയ ഡിവിഷനും സംസ്ഥാനത്ത് അനുയോജ്യമായ ഒരു ഉള്ളടക്ക വിപുലീകരണ നയത്തിനും രൂപം നൽകുന്നതിന് ആലോചിക്കുന്നുണ്ട്. വെബ് അധിഷ്ഠിത സേവനങ്ങൾ ഇല്ലാത്ത വകുപ്പുകളുടെ സൈറ്റുകൾ സംയോജിപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ രംഗത്ത് സ്വതന്ത്ര സോഫ്റ്റ്വെയറിനെ പ്രോൽസാഹിപ്പിക്കുന്നതിനും ശ്രമം നടന്നുവരുന്നു.

(2) <u>അടൂരിലെ സാമൂഹ്യവിരുദ്ധ ശല്യം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അടൂരിലെ ഏറത്ത് കഴിഞ്ഞ മൂന്ന് ആഴ്ചയായി സാമൂഹ്യ വിരുദ്ധശല്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ചൂരക്കോട് രണ്ട് ക്ഷേത്രത്തിനുനേരെയും രണ്ട് പ്രമുഖ കുരിശ്ശടിയിലും അക്രമമുണ്ടായി. കിളളിവയൽ പഞ്ചായത്തിൽ ഒരു ഗുരുമന്ദിരത്തിനെതിരെ കല്ലേറ് ഉണ്ടായി. കടമ്പനാട് പ്രൈമറി ഹെൽത്ത് സെന്ററിലെ ജീവനക്കാരിയെ വെളുപ്പിന് മൂന്ന് മണിക്ക് ആക്രമിച്ചതായി പരാതിയുണ്ട്. കടമ്പനാട് ഒന്നാം

വാർഡിലും ആക്രമണമുണ്ടായി. ഇതുവരെ പ്രതികളെ പിടിച്ചിട്ടില്ല. പ്രതികളെ കസ്റ്റഡിയിലെടുക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അടൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന ചൂരക്കോട് ഭുവനേശ്വരി ക്ഷേത്രത്തിലെ നടപ്പന്തലിലെ പ്രതിഷ്ഠ15-2-2007 –ന് അശുദ്ധമാക്കിയതിനും 16-2-2007–ൽ മണക്കാല ഓർത്തോഡക്സ് പള്ളിയോട് ചേർന്നുള്ള കുരിശ്ശടിയുടെ ചില്ല് അടിച്ചുപൊട്ടിച്ച് നാശനഷ്ടം വരുത്തിയതിനും ചൂരക്കോട് ലൂർദ്മാതാ കത്തോലിക്കാ പള്ളിവക കുരിശ്ശടിയുടെ കണ്ണാടിയും ഗുരുമന്ദിരത്തിലെ കണ്ണാടിയും തകർത്തതിനും തോയൂർ നാഗരാജ ശിവക്ഷേത്ര വിഗ്രഹവും നിലവിളക്കും പൂജാപാത്രങ്ങളും നശിപ്പിച്ചതിനും പാറമടയിൽ നിർത്തിയിട്ടിരുന്ന 9 ലോറികൾ തകർത്തതിനും ഓരോ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ചില പ്രത്യേക പ്രശ്നങ്ങൾ സൃഷ്ടിക്കണമെന്ന ഉദ്ദേശത്തോടുകൂടി ചില സാമൂഹ്യ വിരുദ്ധർ ചെയ്തതാണെന്ന സംശയമുണ്ട്. കടമ്പനാട് പി.എച്ച്.സി.യിലെ വനിതാ ജീവനക്കാരിയെ ഉണ്ണി എന്ന ഒരാൾ അസഭ്യം പറഞ്ഞതിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തത് ഒരു പ്രധാന പ്രശ്നമായി ഗവൺമെന്റ് കാണുന്നു. രാഷ്ട്രീയ പാർട്ടികളുടേയും സംഘടനകളുടേയും യോഗം വിളിച്ചുകൂട്ടി എല്ലാ വാർഡിലും ജാഗ്രതാ സമിതി രൂപീകരിച്ചുകൊണ്ട് പ്രവർത്തനം നടക്കുകയാണ്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്. പ്രതികളെ പിടികൂടാൻ പത്തനംതിട്ട എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(3) <u>കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: 600 തൊഴിലാളികൾ പണിയെടുക്കുന്ന, കഴിഞ്ഞ രണ്ട് ദശകങ്ങളായി നല്ല പ്രവർത്തനം നടത്തിവരികയായിരുന്ന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏക പൊതുമേഖലാ സ്ഥാപനമായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം പലപ്പോഴും ഭാഗികമായോ പൂർണ്ണമായോ ലേ ഓഫ് ചെയ്യുന്നതുമൂലം തൊഴിലാളികൾ കടുത്ത ദുരിതത്തിലാണ്. മില്ലിനെ ലാഭകരമാക്കുന്നതിന് വിദഗ്ദ്ധ സമിതിയുടെ പഠനത്തിനുശേഷം 25 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും അതിന്മേൽ തുടർ നടപടികൾ ഉണ്ടായില്ല. ഇന്നത്തെ സ്ഥിതി തുടർന്നാൽ ഉടൻതന്നെ ഈ സ്ഥാപനം അടച്ചുപൂട്ടുകയും 600 കുടുംബങ്ങൾ ദുരിതത്തിലാവുകയും ചെയ്യും. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>: 29-12-2006-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് മാനേജുമെന്റും യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും നവീകരിക്കുന്നതിനും മില്ലുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ സർക്കാർ നിയോഗിച്ച വിദ്ഗ്ദ്ധ സമിതി കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെക്കുറിച്ച് ഒരു ഇടക്കാല റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അന്തിമ പഠന റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മില്ല് അടച്ചുപൂട്ടുന്നതിനോ ലേ

ഓഫ് ചെയ്യുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. പ്രവർത്തനം സുഗമമാക്കുന്നതിനും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 30 ലക്ഷം രൂപ ടെക്സ്റ്റ്ഫെഡ് ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിന് കഴിഞ്ഞ ആഴ്ച ഉത്തരവ് നൽകിയിട്ടുണ്ട്. അന്തിമ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കും.

(4) <u>സംഘർഷത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട സംഭവം.</u>

<u>ശ്രീ. സി.എഫ്. തോമസ്:</u> 2007 മാർച്ച് മാസം 3-ാം തീയതി ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിലെ വണ്ടിപ്പേട്ട ഷാപ്പിലെ ജോലിക്കാരുമായുള്ള സംഘർഷത്തെത്തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത റെജിപോത്തൻ എന്നയാൾ ഭീകരമായ പോലീസ് മർദ്ദനമേറ്റ് മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: 3-3-07-ന് വൈകിട്ട് 4.30-ന് ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വണ്ടിപ്പേട്ടയിലെ ടി.എസ്. 7-ാം നമ്പർ കള്ളുഷാപ്പിലെ ജീവനക്കാരുമായി റെജിപോത്തൻ എന്നയാൾ വാക്കുതർക്കമുണ്ടാക്കുകയും സംഘർഷത്തിനിടയിൽ അവിടത്തെ മേശയും മറ്റു സാധനങ്ങളും തകർക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരം അന്വേഷിക്കാനായി ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിലെ ഒരു ഹെഡ് കോൺസ്റ്റബിളിനേയും ഒരു പോലീസുകാരനേയും സ്ഥലത്തേയ്ക്കയച്ചു.

റെജിപോത്തൻ അക്രമ സ്വഭാവം കാട്ടിയതിനാൽ ഷാപ്പു മാനേജരുടെ പരാതിയുടെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് വൈദ്യപരിശോധനയ്ക്കായി ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിൽ കൊണ്ടുപോയെങ്കിലും അസുഖമുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയാണുണ്ടായത്. ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ.-യും രണ്ട് പോലീസുകാരും മർദ്ദിച്ചതായി റെജിപോത്തൻ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>നാളികേരത്തിന്റെ വിലയിടിവ്.</u>

<u>ശ്രീ. പി. വിശ്വൻ:</u> നാളികേരത്തിന്റെ വിലയിടിവുമൂലം കേരളത്തിലെ 42 ലക്ഷത്തോളംവരുന്ന നാളികേര കർഷകർ കൂട്ട ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. ഭക്ഷ്യ എണ്ണ ഇറക്കുമതിയുടെ ഭാഗമായി കേന്ദ്ര ഗവണ്മെന്റ് പാമോയിൽ ഇറക്കുമതി ചെയ്യാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. നാളികേര കർഷകരെ ഈ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ ഭക്ഷ്യ എണ്ണ ഇറക്കുമതി നിർത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം താങ്ങുവില വർദ്ധിപ്പിച്ച് സംഭരണം പൂർവ്വനിലയിലേയ്ക്ക് എത്തിക്കാനും 'നീര'യുണ്ടാക്കുന്ന പദ്ധതി പ്രഖ്യാപിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: കേരളത്തിലെ കർഷകരെ നാളികേര വിലത്തകർച്ചയിൽനിന്ന് രക്ഷിക്കാൻ തറവിലയുടെ

അടിസ്ഥാനത്തിൽ കൊപ്ര വ്യാപകമായി സംഭരിക്കാൻ സർക്കാർ നടപടി സ്വീകരിക്കാറുണ്ട്. കഴിഞ്ഞ വർഷം കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയുടെ അടിസ്ഥാനത്തിൽ കൊപ്ര സംഭരിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 2007 സാമ്പത്തിക വർഷത്തിൽ തറവില നിശ്ചയിച്ച് കേന്ദ്രസർക്കാർ പ്രഖ്യാപനം നടത്തിയിട്ടില്ല. പച്ചത്തേങ്ങ കർഷകരിൽ നിന്ന് സംഭരിക്കണമെന്നും അതിനും കൊപ്രയ്ക്കും നിലവിലുള്ള താങ്ങുവില അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും നാളികേരത്തിന്റെ വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും എന്ന ഉദ്ദേശത്തോടെയും കർഷക ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ വിപുലമായ പദ്ധതികൾ നടപ്പാക്കുന്നതാണ്. ആയിരം ഇളനീർ പന്തലുകൾ ആരംഭിക്കുന്നതിനായി 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര കൃഷിയെ രക്ഷിക്കാനായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾക്ക് ഗവണ്മെന്റ് രൂപം നൽകുന്ന അവസരത്തിൽ നീര പ്രൊഡക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റ് ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി തീരുവ കുറച്ചത് തിരുത്തുന്നതിനാവശ്യമായ പൊതു സമ്മർദ്ദം കേരളത്തിൽ നിന്നുണ്ടാകേണ്ടതുണ്ട്.

(6) <u>ഓയിൽ കമ്പനികൾക്ക് ലഭിച്ച നികുതി ഇളവ് ആനുകൂല്യം.</u>

<u>ശ്രീ. വി.ഡി. സതീശൻ:</u> 2006 ഏപ്രിൽ മുതൽ പാചകവാതക വിതരണം വാറ്റ്-ന്റെ മൂന്നാം ഷെഡ്യൂളിൽപ്പെടുത്തി സെയിൽസ് ടാക്സ് 8.5 ശതമാനമായി കുറച്ചതിന്റെ ആനുകൂല്യം ഓയിൽ കമ്പനികൾ ഉപഭോക്താക്കൾക്ക് കൊടുക്കുന്നില്ല. ഉപഭോക്തൃ സംഘടനകൾ ഇതു

സംബന്ധിച്ച് നിവേദനം കൊടുത്തുവെങ്കിലും ഓയിൽ കമ്പനികൾക്കെതിരെ ഒരു നടപടിയും ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. കൂടാതെ ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് റെഗുലേഷൻ ഓൺ സപ്ളൈ ആന്റ് ഡിസ്ട്രിബ്യൂഷൻ ഓർഡർ പ്രകാരം എട്ട് കിലോമീറ്ററിനുള്ളിൽ ഫ്രീ ഡെലിവറി നടത്തേണ്ടതിനു പകരം ഓരോ സിലിണ്ടറിനും 10 രൂപ വീതം ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നു. ഇത്രയും ഗൗരവതരമായ പ്രശ്നത്തിൽ സർക്കാർ ഇടപെട്ട് അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പാചകവാതക വിതരണം നടത്തുന്ന ഓയിൽ കമ്പനികൾക്ക് ലഭിച്ച നികുതിയിളവിന്റെ ആനുകൂല്യം സർക്കാരിനോ ഉപഭോക്താക്കൾക്കോ കിട്ടുന്നില്ലെന്നും ഉപഭോക്താവിന് അർഹതപ്പെട്ട സാമ്പത്തിക ഇളവ് കമ്പനികൾ തന്നെ കൈക്കലാക്കുന്നു എന്നുമുള്ള നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓയിൽ കമ്പനികളുടെ മാനേജ്മെന്റുമായും ഫുഡ് ആന്റ് സിവിൽ സപ്ളൈസിലെ ഉന്നത ഉദ്യോഗസ്ഥരുമായും മറ്റും ചർച്ച ചെയ്ത് അടിയന്തിരമായി വില കുറച്ച് ഉപഭോക്താക്കൾക്ക് പാചകവാതകം നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ യഥാർത്ഥ ഉപഭോക്താക്കൾക്ക് നിയമപരമായി ലഭിക്കേണ്ട നികുതിയിളവ് ആനുകൂല്യം കിട്ടിക്കഴിഞ്ഞാൽ കോടതിയിൽ ഇതു സംബന്ധിച്ച് നിലവിലുള്ള കേസ് സ്വാഭാവികമായി പിൻവലിക്കപ്പെടുമെന്നും അതിനുള്ള നടപടി സ്വീകരിക്കണമെന്നും കേന്ദ്ര പെട്രോളിയം മന്ത്രാലയത്തോട് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുമുണ്ട്.

### (7) ഡോക്ടർമാരുടെ അഭാവംമൂലം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ.

ശ്രീ. കെ. അജിത്: ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ സേവനത്തിന്റെ കുറവുമൂലം റഫറൽ യൂണിറ്റായി പ്രവർത്തിക്കേണ്ട മെഡിക്കൽ കോളേജാശുപത്രികളും താലൂക്കാശുപത്രികളും വലിയ പ്രതിസന്ധി നേരിടുകയാണ്. വൈക്കം നിയോജകമണ്ഡലത്തിലെ പി.എച്ച്. സെന്ററുകളിൽ നിയമിക്കുന്ന ഡോക്ടർമാർ ലീവെടുത്ത് ഉന്നതപഠനത്തിന് പോകുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എം.ബി.ബി.എസ്. പഠനകാലത്ത് വിദ്യാർത്ഥികൾ നിർബന്ധമായും രണ്ട് വർഷമെങ്കിലും ഗ്രാമീണമേഖലയിൽ സേവനമനുഷ്ഠിക്കണമെന്ന ബോണ്ട് വയ്ക്കുന്നതിനും ഒരു വർഷമെങ്കിലും ഗ്രാമീണമേഖലയിൽ സേവനം ചെയ്യുന്നവർക്കുമാത്രമേ ഉന്നതപഠനത്തിനുള്ള അനുവാദം കൊടുക്കുകയുള്ളൂവെന്ന് നിബന്ധന വയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഗ്രാമീണമേഖലയിൽ ജോലിയിൽ പ്രവേശിച്ചശേഷം അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന ഡോക്ടർമാരുടെ പേരിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമീണമേഖലയിൽ ജോലി നോക്കുന്നവർക്ക് റൂറൽ അലവൻസ്, ചാർജ്ജ് അലവൻസ്, പി.ജി. അലവൻസ് തുടങ്ങിയവ ഗവണ്മെന്റ് നൽകുന്നുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമീണമേഖലയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി സ്നേഹിതൻ-സ്നേഹിത എന്ന ഒരു സ്ക്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നും എം.ബി.ബി.എസ്. കഴിഞ്ഞിറങ്ങുന്ന മെഡിക്കൽ

കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഡോക്ടർമാരെ നിശ്ചിത കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ഗ്രാമീണമേഖലയിൽ നിയമിച്ചുവരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പി.ജി. അഡ്മിഷനുള്ള പ്രോസ്പെക്ടസ്സിൽ രണ്ട് കൊല്ലം നിർബന്ധമായും റൂറൽ സർവ്വീസ് ചെയ്യണമെന്ന നിബന്ധനയും വച്ചിട്ടുണ്ട്.

(8) <u>മലങ്കര ഓർത്തഡോക്സ് സഭയിലെ തിരുമേനിമാരുടെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്.</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ഓർത്തഡോക്സ് സഭയുടെ ഭദ്രാസന ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയിൽ കോടതിവിധികളും നിയമങ്ങളും ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും ലംഘിച്ച് മറുവിഭാഗത്തിൽപ്പെട്ട മേലദ്ധ്യക്ഷന്മാരെ പ്രവേശിപ്പിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് 2007 ഫെബ്രുവരി മാസം 13-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭയിലെ തിരുമേനിമാരുടെ നേതൃത്വത്തിൽ നിവേദനം നൽകാനായി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിനിടെ കല്ലേറുണ്ടായതിനെത്തുടർന്ന് വൈദികരേയും വിശ്വാസികളെയും പോലീസ് മർദ്ദിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണം.

<u>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ആലുവ തൃക്കുന്നത്ത് സെമിനാരി പെരുനാളിനോടനുബന്ധിച്ച് അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ 25-01-2007-ന് എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മലങ്കര ഓർത്തഡോക്സ് സഭാനേതാക്കളുമായി ചർച്ച നടത്തിയിരുന്നു. അവിടെയുണ്ടായ സംഭവങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് 13-02-2007-ന് ഓർത്തഡോക്സ് വിഭാഗക്കാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്താൻ തീരുമാനിച്ചു. പോലീസ് അനുമതി നൽകിയതിനു വിരുദ്ധമായി മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടും അന്നേ ദിവസം 2.45-ന് ഏതാണ്ട് ആറായിരത്തോളം വരുന്ന ആളുകൾ പാളയം രക്തസാക്ഷി

മണ്ഡപത്തിൽ നിന്നും ആരംഭിച്ച മാർച്ച് വൈകുന്നേരം 4.15 ആയപ്പോൾ സെക്രട്ടേറിയറ്റ് നടയിലെത്തി. പ്രകടനക്കാർ പോലീസ് ബാരിക്കേഡുകൾ തകർത്ത് സെക്രട്ടേറിയറ്റിനുള്ളിൽ കയറാൻ ശ്രമിക്കുകയും സഭാനേതാക്കൻമാരുടെ പ്രസംഗത്തിനുശേഷം അവരുടെ നിർദ്ദേശാനുസരണം അയ്യായിരത്തോളം ആളുകൾ പിരിഞ്ഞുപോവുകയും ചെയ്തുവെങ്കിലും ആയിരത്തോളം ആളുകൾ പിരിഞ്ഞുപോവാതെ മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു. സഭാനേതാക്കൻമാർ സെക്രട്ടേറിയറ്റിൽ കയറി മുഖ്യമന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിക്കാൻ പോകുന്നതിനിടയിൽ പ്രകടനക്കാർ ആസാദ് ഹോട്ടലിന് എതിരെയുള്ള ഗേറ്റിനു സമീപമെത്തുകയും പോലീസ് ബാരിക്കേഡുകൾ തകർത്ത് അകത്തു കടക്കാൻ ശ്രമിക്കുകയുമുണ്ടായി. അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് എത്തി സ്ഥിതിഗതികൾ ശാന്തമാക്കി കന്റോൺമെന്റ് പോലീസ് സ്റ്റേഷന് എതിരെയുള്ള ഗേറ്റിലൂടെ അവരെ അകത്തു കടത്താമെന്നു പറഞ്ഞ് അങ്ങോട്ടുകൊണ്ടുപോകുന്നതിനിടയിൽ ഒരു വിഭാഗം ആളുകൾ എസ്.ഐ.-യെയും കൂടെയുണ്ടായിരുന്ന പോലീസുകാരെയും മർദ്ദിക്കുകയും പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കു നേരെ കല്ലെറിയുകയും ചെയ്തു. പ്രകടനക്കാരെ പിരിച്ചുവിടാൻ പോലീസിന് രണ്ട് കണ്ണീർ വാതക ഷെല്ലും ജലപീരങ്കിയും പ്രയോഗിക്കേണ്ടി വന്നു. കരകൗശലവസ്തു വിൽപ്പനശാലയായ കൈരളിയുടെ കെട്ടിടത്തിനും മറ്റു സ്ഥാപനങ്ങൾക്കും പോലീസ് ആംബുലൻസിനും നേരെ പ്രകടനക്കാർ കല്ലെറിഞ്ഞു നാശനഷ്ടമുണ്ടാക്കി. പ്രശ്നം ശാന്തമാക്കുന്നതിനായി അസിസ്റ്റന്റ് പൊലീസ് കമ്മീഷണർ സഭാനേതാക്കൻമാരുടെ നേതൃത്വത്തിൽ

സ്പെൻസർ ജംഗ്ഷനിലുള്ള സെന്റ് ജോർജ് പള്ളിയിൽ ഒത്തുകൂടിയപ്പോൾ പ്രകടനക്കാർ മാധ്യമപ്രവർത്തകരെ മർദ്ദിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് കന്റോൺമെന്റ് പൊലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ജാഥ നടത്തിയവർ ഒരു കെ.എസ്.ആർ.ടി.സി. ബസ്സിന്റെയും 3 സർക്കാർ വാഹനങ്ങളുടെയും ഗ്ലാസ്സുകൾ തല്ലിത്തകർത്തു. 3,81,000 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. ഇതിന്റെ പേരിൽ കന്റോൺമെന്റ്, മ്യൂസിയം, വഞ്ചിയൂർ പോലീസ് സ്റ്റേഷനുകളിലായി 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. പോലീസ് അതിക്രമം കാണിക്കുകയല്ല മറിച്ച് ആത്മസംയമനത്തോടെ സ്ഥിതിഗതികൾ കൈകാര്യം ചെയ്യുകയാണു ണ്ടായത്. പുറത്തുള്ളവർ നടത്തിയ നാശനഷ്ടങ്ങളെക്കുറിച്ച് ആലോചിച്ചുവരികയാണെന്ന് സഭാനേതാക്കൻമാർ പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പ്രശ്നം സമചിത്തതയോടെ പരിഹരിക്കാൻ സഭാനേതാക്കൻമാരുമായി ചർച്ച ചെയ്യാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

(9) <u>പെരിന്തൽമണ്ണ-മാനത്തുമംഗലം ബൈപ്പാസ്സിന്റെ രണ്ടാംഘട്ട നിർമ്മാണം</u>

<u>ശ്രീ. വി. ശശികുമാർ:</u> പെരിന്തൽമണ്ണ മാനത്തുമംഗലം-കാക്കൂത്ത് ബൈപ്പാസിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

<u>മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള):</u> മാനത്തുമംഗലം-കാക്കൂത്ത് ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിൽ പെരുമ്പിലാവ്-നിലമ്പൂർ നിന്ന് തുടങ്ങി കോഴിക്കോട്-പാലക്കാട് എത്തി അവസാനിക്കുന്ന 2900

മീറ്റർ നീളമുള്ള റോഡിന്റെ രണ്ടാംഘട്ടം വർക്കിന്റെ എസ്റ്റിമേറ്റ് 800 ലക്ഷം രൂപയാണ്. ഇതിൽ 450 ലക്ഷം രൂപ ലാന്റ് അക്വിസിഷനുവേണ്ടി മാത്രമുള്ളതാണ്. ഉദ്ദേശം 18 ഏക്കർ സ്ഥലത്ത് 25 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. 90 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(10) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

ശ്രീ. കെ. ശിവദാസൻ നായർ: റിവർ മാനേജ്മെന്റ് ഫണ്ട് നദികളുമായി ബന്ധപ്പെട്ടു ലഭിക്കുന്ന വരുമാനമാർഗ്ഗമായതിനാൽ നദികളുടെ സംരക്ഷണത്തിനും കടവുകളുടെ പുനരുദ്ധാരണത്തിനുമായി വ്യക്തമായ മാനദണ്ഡങ്ങളോടെ വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രിക്കു വേണ്ടി, ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സംസ്ഥാന റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക നദി–നദീതീര സംരക്ഷണത്തിനും കടവുകളുടെ നിർമ്മാണത്തിനുമായി വിനിയോഗിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതും അവ ഫലപ്രദമായിത്തന്നെ വിനിയോഗിക്കുന്നതുമാണ്. ഇതിൻകീഴിൽ പമ്പ, പെരിയാർ, ഭാരതപ്പുഴ എന്നിവയുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ തയ്യാറാക്കി ഉടൻ ആരംഭിക്കുന്നതാണ്. നദികളുടെ സംരക്ഷണത്തിനനുയോജ്യമായ ശാസ്ത്രീയമായ പദ്ധതികൾക്ക് വിദഗ്ദ്ധരുമായി ആലോചിച്ച് രൂപം നൽകുന്നതാണ്. എം.എൽ.എ.മാരുടെ വിലപ്പെട്ട നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണ്. ഏപ്രിൽ മാസത്തിൽ ഇതു സംബന്ധിച്ച് എറണാകുളത്ത് ഒരു ശിൽപശാല നടത്തുതിന് തീരുമാനിച്ചിട്ടുണ്ട്.

(11) <u>തുളു അക്കാഡമി സ്ഥാപിക്കൽ</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u>: കാസർഗോഡ് ജില്ലയിൽ 40 ശതമാനത്തില ധികം ആളുകൾ സംസാരിക്കുന്ന തുളു ഭാഷയ്ക്ക് മഞ്ചേശ്വരത്ത് ഒരു അക്കാ ഡമി സ്ഥാപിക്കുന്നതിനും തുളു ഭാഷയുടെ സംസ്ക്കാരം, സാഹിത്യം, കല എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും ഇതിനെ ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമു ഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: കേരളത്തിലെ രണ്ടര ലക്ഷം ജനങ്ങളുടെ ഭാഷയായ തുളുഭാഷയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കു കയും ചെയ്യുന്ന കാര്യം സാംസ്ക്കാരിക വകുപ്പിന്റെ സജീവ പരിഗണനയി ലാണ്. തുളു ഭാഷയ്ക്കായി പ്രത്യേകം അക്കാഡമി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് വിധേയമായി ഉചിത മായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(12) <u>മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകണമെന്ന ആവശ്യം</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നത് ഇപ്പോൾ 3 സെന്റ് ഭൂമിയായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇവർക്ക് 4 സെന്റ് ഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റി പരിശോ ധിച്ച് ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇത് സംബന്ധിച്ചുള്ള സർക്കാ രിന്റെ ഔദ്യോഗിക തീരുമാനം ഉണ്ടാകാത്തതിനാൽ ഇവർക്ക് പട്ടയം

നൽകാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റസ് കമ്മിറ്റിയുടെ 2001-04-ലെ ആറാമത് റിപ്പോർട്ടിലും മത്സ്യത്തൊഴിലാളികൾക്ക് നാല് സെന്റ് ഭൂമി നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ പ്രശ്നം ഗൗരവമായി കണക്കിലെടുത്തു കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് 4 സെന്റ് ഭൂമിക്ക് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭൂമിയുടെ ദൗർലഭ്യവും ഭൂരഹിതരുടെ ബാഹുല്യവും കണക്കിലെടുത്താണ് നിലവിൽ 3 സെന്റ് ഭൂമിക്ക് പട്ടയം നൽകാൻ തീരുമാനിച്ചത്. ആയത് നാല് സെന്റാക്കി ഉയർത്തിയാൽ ഇതേ ആനുകൂല്യം ഇപ്പോൾ നൽകിവരുന്ന അത്രയും അർഹതപ്പെട്ട മത്സ്യത്തൊഴിലാളിക്ക് ലഭ്യമാകാതെ വരുമെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ വർഷം ഫെബ്രുവരി 6 മുതൽ തീരദേശ ജില്ലകളിൽ പട്ടയ മേളകൾ നടത്തി അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും കൈവശാവകാശ രേഖ നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞത്ത് 1017 പേർക്ക് കൈവശാവകാശരേഖ ഇതിനകം നൽകാൻ നടപടി എടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ താനൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയും അളന്ന് പട്ടയം നൽകുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് 4 സെന്റ് ഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

(13) <u>മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: നൂറ്റിപ്പതിനൊന്നിലേറെ വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും ഏതാണ്ട് 40 ലക്ഷത്തോളം വരുന്ന ജനങ്ങളെ ബാധിക്കുന്ന അതീവ ഗുരുതരമായ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> നിലവിലുള്ള ഡാമിൽനിന്നും 1300 അടി താഴെ 1979-ൽ കേന്ദ്ര വാട്ടർ കമ്മിഷൻതന്നെ പരിശോധിച്ച് ഫീസിബിളാണെന്ന് കണ്ടെത്തിയ സ്ഥലത്ത് ഒരു പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് ഇതിനകം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്; അപ്രോക്സിമേറ്റ് കോസ്റ്റ് എസ്റ്റിമേറ്റ് കാൽക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ വ്യക്തമായ രാഷ്ട്രീയ തീരുമാനം ആവശ്യമാണ്. തീർച്ചയായും പുതിയ ഡാം എന്ന ആവശ്യത്തിൽനിന്നും പിന്നോട്ട് പോകുന്ന പ്രശ്നമില്ല.

## ക്രമപ്രശ്നം

<u>ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ ലഭിക്കുവാനുള്ള കാലതാമസം</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുവാനും അതിന് ഉത്തരങ്ങൾ ലഭിക്കുവാനുമുള്ള അംഗങ്ങളുടെ അവകാശം പലപ്പോഴും ഹനിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. രണ്ടാം സമ്മേളനകാലത്ത് കൊടുത്ത ചോദ്യങ്ങൾക്ക് ആഴ്ചകൾ കഴിഞ്ഞാണ് ഉത്തരം കിട്ടിയത്. ഈ

സമ്മേളനം തുടങ്ങിയതിനു ശേഷം കൊടുത്ത പല ചോദ്യങ്ങൾക്കും "വിവരം ശേഖരിച്ചുവരുന്നു" എന്ന മറുപടിയാണ് കിട്ടിയത്. ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് ഉണ്ടാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ പ്രശ്നം പൊതുവായി പറയുന്നതിനുപകരം സ്പെസിഫിക്കായിട്ട് ഉന്നയിച്ചാൽ അക്കാര്യം തീർച്ചയായും ഗൗരവമായിത്തന്നെ പരിശോധിക്കുകയും മന്ത്രിമാർ കൂട്ടായി ആലോചിച്ച് പരിഹാരം ഉണ്ടാക്കുകയും ചെയ്യാം

## റൂളിംഗ്

മി. സ്പീക്കർ: ചോദ്യങ്ങൾക്ക് യഥാസമയം മറുപടി കിട്ടുന്നില്ല എന്നുള്ള പരാതി എല്ലാ സമ്മേളന കാലത്തും അംഗങ്ങൾ ഉന്നയിക്കുന്നതാണ്. ഈ സമ്മേളനം തുടങ്ങിയതിനു ശേഷമുള്ള വിശദാംശങ്ങൾ ചെയർ പരിശോധിച്ചപ്പോൾ 5-ാം തീയതി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായ 225 ചോദ്യങ്ങൾ ഉണ്ടായിരുന്നതിൽ 162 ചോദ്യങ്ങൾക്കും 6-ാം തീയതി 238 ചോദ്യങ്ങൾ ഉണ്ടായിരുന്നതിൽ 145 എണ്ണത്തിനും 7-ാം തീയതി 249 ചോദ്യത്തിൽ 113 എണ്ണത്തിനുമാണ് മറുപടി ലഭിച്ചത് എന്ന് മനസ്സിലായി. ഇങ്ങനെ മറുപടി നൽകാതിരിക്കുന്നത് നല്ല പ്രവണതയല്ല. തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രിമാർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ മറുപടി അംഗങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

<u>ശ്രീ. വർക്കല കഹാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വലിയ ജന പിന്തുണയുണ്ടെന്നു അവകാശപ്പെടുന്ന സർക്കാർ ഗുരുത്വമില്ലായ്മയുടെ പര്യായമായി മാറിയിരിക്കുകയാണ്. ഇവിടെ ഒരു ഭരണമില്ല. മന്ത്രിമാർ പരസ്പര വിരുദ്ധങ്ങളായ പ്രഖ്യാപനങ്ങളാണ് നടത്തുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭത്തിലാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 8 മാസംകൊണ്ട് ഈ ഗവൺമെന്റ് ലാഭത്തിലാക്കി എന്നാണ് അവകാശപ്പെടുന്നത്. എ.ഡി.ബി. വായ്പയെ സംബന്ധിച്ച് എൽ. .ഡി.എഫ്. ഗവൺമെന്റിന്റെ അഭിപ്രായം വ്യത്യസ്ത മായിരിക്കാം. എൽ.ഡി.എഫ്. ഗവൺമെന്റ് ജനോപകാരപ്രദമായ നല്ല ഭരണം കാഴ്ചവയ്ക്കാൻ തയ്യാറാകണം.

<u>ശ്രീ. കെ. സി. കുഞ്ഞിരാമൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.. കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയുള്ള നല്ല നിർദ്ദേശങ്ങളാണ് ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തി ലുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദമായ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് ആ കുടുംബങ്ങൾക്ക് 50000 രൂപ വീതം സഹായം നൽകുകയും അവരുടെ രണ്ട് ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതി തള്ളുകയും ചെയ്തു. സഹകരണ ബാങ്കുകൾ കൊടുത്ത

കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 77 കോടി രൂപ എഴുതിത്തള്ളി. നാഷണലൈസ്ഡ് ബാങ്കുകളെക്കൊണ്ടും കാർഷിക വായ്പയുടെ പലിശ എഴുതിത്തള്ളിക്കാൻ നടപടി സ്വീകരിച്ചു. കേരളത്തിലെ കാർഷിക മേഖല യിലുണ്ടായ തകർച്ച ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി രണ്ട് പ്രാവശ്യം കേന്ദ്ര സംഘത്തെ കേരളത്തിൽ കൊണ്ടുവരികയും മൂന്ന് ജില്ലകൾക്കുവേണ്ടി 760 കോടി രൂപയുടെ പദ്ധതി നേടിയെടുക്കുകയും ചെയ്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ 26 പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. പോലീസുകാരെ ജനസേവകരും മികവുറ്റവരുമാക്കി മാറ്റാൻ ഈ ഗവൺമെന്റിന് സാധിച്ചു. സഹകരണ മേഖലയിൽ പുതിയ കോളേജുകൾ ആരംഭിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹോസ്പിറ്റലുകളും ആരംഭിച്ചു. മുത്തങ്ങയിൽ വെടിയേറ്റു മരിച്ച ആദിവാസി യുവാവിന്റെ മകൾക്ക് ജോലിയും കുടുംബത്തിന് രണ്ട് ലക്ഷം രൂപ ധനസഹായവും നൽകി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ആശുപത്രികളെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചി രുന്നതെങ്കിൽ ഇന്ന് ആരോഗ്യവകുപ്പിൽ ഡോക്ടർമാരേയും നഴ്സുമാരേയും നിയമിച്ചുകൊണ്ട് നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സമീപനം സ്വീകരിക്കു കയുണ്ടായി. കോട്ടയത്തും ആലപ്പുഴയിലും രണ്ട് നഴ്സിംഗ് കോളേജുകൾ പുതുതായി ആരംഭിച്ചു. മെഡിക്കൽ കോളേജുകളിൽ ആധുനിക സൗകര്യ ങ്ങളോടു കൂടിയ ചികിൽസാ സൗകര്യമേർപ്പെടുത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. .25000 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനും 17-000 കുടുംബങ്ങൾക്ക് രണ്ട് സെന്റ് ഭൂമിയും വീടും

നൽകാനും 72000 ഏക്കർ മിച്ച ഭൂമി വിതരണം ചെയ്യാനും റവന്യു വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. വരുന്ന അഞ്ചു വർഷം കൊണ്ട് വീടില്ലാത്ത മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് വച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ സമസ്ത മേഖലകൾക്കും മെച്ചപ്പെട്ട നിർദ്ദേ ശങ്ങളടങ്ങുന്ന പ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു.. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ത്തിന്റെ പുരോഗതിക്കാവശ്യമായ, ജനോപകാരപ്രദമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്തതായി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് അടച്ചുപൂട്ടിയ 1600-ഓളം കള്ളുഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുക വഴി സംസ്ഥാനത്തെ ജനങ്ങളെ മദ്യത്തിനടിമകളാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. മുസ്ലീംലീഗ് പിരിച്ചെടുത്ത സുനാമി ഫണ്ടി നെക്കുറിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. കെ.എസ്. ടി.പി. ഏറ്റെടുത്ത റോഡിന്റെ പൂരിപൂർണ്ണ ഉത്തരവാദിത്വം എൽ.ഡി.എഫ്. ഗവൺമെന്റിനാണ്. കുടുംബശ്രീ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 600 കോടി രൂപ ഈ സർക്കാരിന്റെ അനാസ്ഥമൂലം നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. വിദ്യാഭ്യാസമേഖലയിൽ നയ പരമായ കാര്യങ്ങൾ ആവിഷ്ക്കരിക്കേണ്ടത് തികച്ചും ജനാധിപത്യപരമായ പ്രക്രിയയിലൂടെയായിരിക്കണം. കീഴ്വഴക്കങ്ങളേയും ജനാധിപത്യ മര്യാദ കളേയും കാറ്റിൽ പറത്തിക്കൊണ്ടാണ് കേരളത്തിലെ സർവ്വകലാശാലകളിലെ ഭരണം പിടിച്ചെടുത്തിരിക്കുന്നത്. കോഴിക്കോട് ലാ കോളേജിലുണ്ടായ

സമരത്തോടനുബന്ധിച്ച് നിരപരാധികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി.എസ്. സുനിൽകുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയോട് കാണിച്ചിരിക്കുന്ന താൽപ്പര്യം ഏറ്റെടുത്തുകൊണ്ട് വികസന പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവരുടെ ഉന്നമനത്തിനും വികസനത്തിനും ഉതകുന്ന വിധത്തിലുള്ള പദ്ധതികളാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. സാമ്രാജ്യത്വ ശക്തികൾക്ക് രാജ്യത്തെ പണയപ്പെടുത്തുന്ന കേന്ദ്രനയത്തെ അനുകൂലിക്കാനാവില്ല. 7 ശതമാനം സാമ്പത്തിക വളർച്ചാ നിരക്ക് ഉണ്ടായതായി കേന്ദ്രം അവകാശപ്പെടുമ്പോൾ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് കുറയുകയാണെന്ന സത്യം നിഷേധിക്കാനാവില്ല. രാജ്യത്തിന്റെ പൊതു താൽപര്യം മുൻനിർത്തി കരാറുകളിൽ ഏർപ്പെടുമ്പോൾ ദേശീയ സുരക്ഷാകൗൺസിൽ ഉൾപ്പെടെയുള്ള ജനാധിപത്യ വേദികളിൽ അത് സംബന്ധിച്ച് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര തീരുമാനം പിൻവലിപ്പിക്കാൻ സമ്മർദ്ദം ചെലുത്തണം.. നെൽ കർഷകർക്ക് ആശ്വാസമുണ്ടാക്കുന്ന വിധത്തിൽ നെല്ലിന് താങ്ങുവില പ്രഖ്യാപിച്ച്. വിത്തിറക്കുന്നതുമുതൽ കൊയ്യുന്നതുവരെ കർഷകർക്ക് സുരക്ഷയും ഉൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള നയപരിപാടികൾ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കുത്തക മുതലാളിമാർക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കുംവേണ്ടി നിലകൊള്ളുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി കർഷകർ നട്ടം

തിരിയുകയാണ്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന കർമ്മ പദ്ധതികൾക്ക് ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പ്രാമുഖ്യം നൽകിയിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്താനും ഐ.ടി മേഖലയിലുൾപ്പെടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. തൊഴിലാളികളെ അടിമക്കൂലിക്കാരായി മാറ്റാനുള്ള കേന്ദ്രനയങ്ങളെ അനുകൂലിക്കാൻ കഴിയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ മേഖലയിൽ രണ്ട് നഴ്സിംഗ് കോളേജുകൾ പുതിയതായി ആരംഭിക്കുകയും രണ്ട് മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതം വർദ്ധിപ്പിക്കുകയും ചെയ്തു. അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. 22 തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഷ്ടത്തിലായ ഫാക്ടറികളെ ലാഭത്തിലാക്കാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയംമൂലം കൈത്തറി മേഖലയിലെ പവർലൂം യൂണിറ്റുകളുടേയും നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടേയും അവിടത്തെ തൊഴിലാളികളുടേയും എണ്ണം കുറയുന്നു എന്നത് ശ്രദ്ധേയമാണ്. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ മാർക്കറ്റ് പിടിച്ചുനിർത്താൻ ബഹുരാഷ്ട്ര കുത്തകകളെ ചെറുത്തുതോൽപ്പിക്കാൻ കഴിയുന്ന നയപരിപാടികളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. കെ.ടി. ജലീൽ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ വിദ്യാഭ്യാസ ബില്ലും ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലും കേരള കർഷക കടാശ്വാസ കമ്മിഷൻ ബില്ലും ഏകകണ്ഠമായി പാസ്സാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് ശ്ലാഘനീയമാണ്. വിദ്യാഭ്യാസ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ ഇതിനെ അനുകൂലിക്കാൻ പ്രതിപക്ഷം തയ്യാറായില്ലെന്നത് ശ്രദ്ധേയമാണ്. കഴിഞ്ഞ 10 മാസത്തിനുള്ളിൽ പി.എസ്.സി. മുഖേന 30,000-ത്തിലധികം പേർക്ക് നിയമനങ്ങൾ നൽകാനും 2 ഗവൺമെന്റ് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഗണ്യമായി കുറയ്ക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ചന്ദന മാഫിയകളെ കൂച്ചുവിലങ്ങിടാനും സ്വകാര്യ സംരംഭകരിൽനിന്നും ഫാക്ടറികൾ ഏറ്റെടുത്ത് ചന്ദനത്തൈലം ഉല്പാദിപ്പിക്കാനുമുള്ള ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമായിരിക്കും എന്ന നിയമ ഭേദഗതി കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാനും സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ച് സാമ്പത്തിക ക്രയവിക്രയം ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും സഹകരണ മേഖലയുടേയും ശക്തമായ ഇടപെടലുകൾമൂലം വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞുവെന്നത് സ്വാഗതാർഹമാണ്. 2818 അൺഎക്കണോമിക് സ്കൂളുകളെ ഊർജ്ജസ്വലമാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കരടുരേഖ തയ്യാറാക്കി, അഡ്വൈസറി

ഫംഗ്ഷനും കോ-ഓർഡിനേഷനും കോമൺ സർവ്വീസുമെല്ലാം ഉത്തരവാദിത്വങ്ങളായി പ്രഖ്യാപിച്ചു. അബ്ദുൾ നാസർ മ്അദനിക്ക് ആയുർവേദ ചികിൽസാ സൗകര്യവും സൂഫിയാ മ്അദനിക്ക് അദ്ദേഹത്തെ സന്ദർശിക്കാനുള്ള സാഹചര്യവും ഒരുക്കിക്കൊടുത്തു. ഇന്ത്യയിലെ ആദ്യത്തെ മുസ്ലീം വനിതാ വൈസ് ചാൻസലറെ കാലിക്കറ്റ് യൂണിവേഴ്സിറ്റി യിൽ നിയമിച്ച് ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധത പ്രകടിപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. പി.ജെ. ജോസഫ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃഷി, വ്യവസായം, വിദ്യാഭ്യാസം എന്നിവയുടെ സമഗ്രവികസനത്തെക്കുറിച്ച് ഗവണ്മെന്റിന് ഒരു കാഴ്ചപ്പാട് വേണം. മറ്റ് സംസ്ഥാനങ്ങളെപ്പോലെ വ്യാവസായിക രംഗത്ത് കേരളവും വളരണം. അതിന് ഫണ്ട് കൂടിയേതീരൂ. വ്യവസായം വളരണമെങ്കിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാകണം. ഇലക്ട്രിസിറ്റി പ്രതിവർഷം ആയിരം മെഗാവാട്ട് എന്ന തോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. പവർ ഹൈവേയ്ക്കുവേണ്ടി സ്ഥലം കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. ട്രാൻസ്മിഷൻ ലോസ് കുറയ്ക്കണം. ഏതു സെക്ടർ എന്നു നോക്കാതെ എല്ലാ സെക്ടറിനേയും വളർത്തണം. സ്വകാര്യമേഖലയ്ക്കും പൊതുമേഖ ലയ്ക്കും ഒരുപോലെ പ്രാധാന്യം കൊടുക്കണം. സ്വാശ്രയ കോളേജുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പകുതി സീറ്റിൽ കുറഞ്ഞ ഫീസ് വാങ്ങാൻ തീരുമാനിച്ചുവെങ്കിൽ യു.ഡി.എഫ്. ഗവണ്മെന്റ് പാവപ്പെട്ട വരേയും പണക്കാരെയും ഒരുപോലെയാണ് കണ്ടത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കേണ്ടതുണ്ട്. എഞ്ചിനീയറിംഗും മെഡിസിനും കൂടാതെ മറ്റ് മേഖലകളും കേരളത്തിൽ വരണം. എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗിന് കേരളത്തിൽ ഒരു

കോളേജുപോലുമില്ല. ഇത്തരം മേഖലകളിലേയ്ക്ക് കടന്നുചെല്ലാനും മുതൽമുടക്കാനും കഴിയണം. യു.ഡി.എഫ്. ഗവണ്മെന്റ് ചെയ്യാത്ത ഒട്ടേറെ നടപടികൾ എൽ.ഡി.എഫ്. ഗവണ്മെന്റ് ചെയ്തിട്ടുണ്ട്. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകുകയും ആദിവാസികൾക്ക് സൗജന്യ റേഷൻ നൽകുകയും ചെയ്തു. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ബഡ്ജറ്റ് നിരാശാജനകമാണ്. ഈ രാജ്യത്തെ വിലക്കയറ്റത്തിന്റെ മുഖ്യകാരണം ഉൽപ്പാദനക്കുറവാണ്. അത് പരിഹരിക്കണമെങ്കിൽ കർഷകന് കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കുകയും അവരുടെ ഉൽപന്നങ്ങൾ വാങ്ങി മാർക്കറ്റ് ചെയ്യുകയും വേണം. ജൈവ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കണം. കാർഷികമേഖലയുടെ ഇൻവെസ്റ്റ്മെന്റ് വൻതോതിൽ വർദ്ധിപ്പിക്കണം. ചെറുകിട കർഷകരെ സംഘടിപ്പിച്ചുകൊണ്ട് കൃഷി, കന്നുകാലി വളർത്തൽ, ആടുവളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് കൂട്ടായ ശ്രമം ഉണ്ടാകണം. കെ.എസ്.ടി.പി. സംബന്ധിച്ച് പറയുമ്പോൾ 2004-ൽ തീരേണ്ടിയിരുന്ന ലാൻഡ് അക്വിസിഷൻ നടപടികളിൽ യു.ഡി.എഫ്. ഗവൺമെന്റ് ഡിലേ വരുത്തുകയാണ് ചെയ്തത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക അരാജകത്വത്തിൽനിന്നും അഴിമതിയിൽനിന്നും ക്രമസമാധാനത്തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കാനുള്ള ഒരു മഹായുദ്ധത്തിന്റെ വിളംബരമാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. പ്രതിപക്ഷം വസ്തുതകൾക്കു നേരെ കണ്ണടയ്ക്കുകയാണ്. വിവരസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, ടൂറിസവും ആധുനിക വ്യവസായവും എന്നിവയുടെ വികസനത്തെ

പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം കൃഷിയേയും പരമ്പരാഗത വ്യവസായത്തേയും പുനരുദ്ധരിക്കുന്നതിലും സാമൂഹ്യമേഖലയിലെ നേട്ടങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും സ്വീകരിക്കുന്ന സമീപനം പ്രതീക്ഷയു ളവാക്കുന്നതാണ്. ജനസംഖ്യയുടെ താഴെത്തട്ടിലുള്ള 30 ശതമാനം പേർക്ക് സൗജന്യ ആരോഗ്യ സംരക്ഷണം, ഹൈസ്കൂൾ–പ്ളസ്ടു വിദ്യാർത്ഥി കൾക്കുകൂടി ഉച്ചഭക്ഷണ പദ്ധതി, നെല്ലുൽപ്പാദനം പുനരുജ്ജീവിപ്പിക്കൽ, നാണ്യവിള സമ്പദ്‌വ്യവസ്ഥയ്ക്ക് സുസ്ഥിരത നൽകൽ തുടങ്ങിയവയാണ് പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വിദേശ നാണ്യം നേടിത്തരുന്ന സംസ്ഥാനമാണെങ്കിൽപ്പോലും കേന്ദ്രം കേരളത്തോട് നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് സമാധാനജീവിതം ഉറപ്പുവരുത്തുന്നതിനും സാഹോദര്യവും മത സൗഹാർദ്ദവും പരിരക്ഷിക്കുന്നതിനും ശക്തമായ നടപടികൾ കൈക്കൊള്ളണം. പോലീസ് സ്റ്റേഷനുകളുടെ നവീകരണവും 8 മണിക്കൂർ ജോലി സംവിധാനവും പോലീസ് സേനയെ കാര്യക്ഷമമാക്കാനും ഊർജ്ജിത പ്പെടുത്താനും ഉപകരിക്കുന്നതാണ്. പൊതുമേഖലാ വ്യവസായ സ്ഥാപന ങ്ങളെ സംരക്ഷിക്കാനും ലാഭകരമാക്കാനുമുള്ള നടപടികൾക്കൊപ്പം പൂട്ടി ക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും സാധിച്ചത് എടുത്തുപറയേണ്ട നേട്ടമാണ്. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കാനും കൂടുതൽ ജനകീയമാക്കാനുമുള്ള ശ്രമങ്ങൾ പ്രതീക്ഷ നൽകുന്നതാണ്. വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിച്ച് ഒരു പബ്ളിക് സെക്ടർ യൂട്ടിലിറ്റിയായി നിലനിർത്താനുള്ള നടപടി സ്വാഗതാർഹമാണ്. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ

സർക്കാരിന്റെ വിവിധ പദ്ധതികൾ സഹായകമാകും. കേന്ദ്ര ബഡ്ജറ്റിലൂടെ കാർഷിക മേഖലയോട് കാണിച്ച അവഗണന പ്രതിഷേധാർഹമാണ്. കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള യാതൊരു നടപടിയും കേന്ദ്രം സ്വീകരിച്ചിട്ടില്ല. കർഷകരെ രക്ഷിക്കാനായി സർക്കാർ കൊണ്ടുവന്ന കർഷക കടാശ്വാസ കമ്മിഷൻ നിയമത്തെ ജനങ്ങൾ സ്വാഗതം ചെയ്തിരിക്കുകയാണ്. സംസ്ഥാന വനിതാ നയം ആവിഷ്ക്കരിക്കാനുള്ള തീരുമാനം കേരളത്തിന്റെ പ്രബുദ്ധതയ്ക്കും മാന്യതയ്ക്കും ഉപകാരം ചെയ്യുന്നതായിരിക്കും. വയോജനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന വയോജന നയം നടപ്പിലാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പുതിയ സ്പോർട്ട്സ് നയത്തിന് രൂപം കൊടുക്കുന്നതുവഴി സ്പോർട്ട്സ് രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പുതിയ കായികപ്രതിഭകളെ രംഗത്തുകൊണ്ടുവരാനും സാധിക്കും. ടൂറിസത്തിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുന്നതാണ് സർക്കാരിന്റെ പുതിയ നയം. ടൂറിസം വികസന പ്രവർത്തനങ്ങൾ കൂടുതൽ വിദേശ നാണ്യം നേടിത്തരാനും കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനും ഉപകരിക്കുന്നതാണ്. വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള. ശ്രമങ്ങളും ജലസ്രോതസ്സുകൾ കണ്ടെത്താനുള്ള നടപടികളും സ്വാഗതാർഹമാണ്. ഒരു പുതിയ തുറമുഖ നയം രൂപീകരിക്കുന്നത് കടൽത്തീരത്ത് താമസിക്കുന്ന ജനങ്ങൾക്ക് വലിയ നേട്ടമായിരിക്കും. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്ര ത്തിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷവും കൂടി സഹകരിക്കണം. ആരോഗ്യപരിപാലനരംഗത്ത് ഒരു പൊതുജനാരോഗ്യനയത്തിന് രൂപം നൽകുന്നതിനെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ

സാമ്പത്തിക നയസമീപനംമൂലമാണ് കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുള്ളത്. വിലക്കയറ്റം തടയുന്നതിന് ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണം. വനം, വന്യജീവികൾ എന്നിവയുടെ സംരക്ഷണവും പരിപാലനവും ദേശീയ ബാധ്യതയായി ഏറ്റെടുക്കാനും വനഭൂമി കൈയേറ്റം തടയാനും വനംകൊള്ള പ്രതിരോധിക്കാനുമുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. വൈദ്യുതി മേഖലയെ ഫലപ്രദമായ രീതിയിൽ സജ്ജമാക്കുന്നതിന് കഴിയണം. 2010-ൽ എല്ലാവർക്കും പാർപ്പിടം എന്ന പദ്ധതിയിലൂടെ പാവപ്പെട്ടവർക്കും പാർപ്പിടം ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തോട്ടം മേഖലയിൽ വർഷങ്ങളായി അടച്ചുപൂട്ടിയിരുന്ന എസ്റ്റേറ്റുകൾ തുറക്കുകയും തോട്ടം തൊഴിലാളികളോട് അനുകൂലമായ സമീപനം സ്വീകരിക്കുകയും ചെയ്ത ഗവണ്മെന്റാണിത്. തോട്ടം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കുന്നതിനുള്ള ഉത്തരവിറക്കിയത് ഈ ഗവൺമെന്റാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശക്തമാക്കി. അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടയ വിതരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും അതിലേയ്ക്കായി ജില്ലകൾതോറും ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. കേരളത്തിലെ കർഷകർക്ക് ആശ്വാസം പകർന്നുകൊണ്ട് ഇൻഡ്യയ്ക്കാകെ മാതൃകയായ

കർഷക കടാശ്വാസ കമ്മിഷൻ നിയമം പാസ്സാക്കി. പ്രതിപക്ഷംപോലും അംഗീകരിക്കുന്ന നിലയിലുള്ള വികസന പ്രവർത്തനങ്ങളാണ് സഹകരണ മേഖലയിൽ നടപ്പാക്കിയത്. മാഫിയാസംഘങ്ങളെ കീഴ്പ്പെടുത്തിക്കൊണ്ട് വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞതും തൊണ്ടി സാധനങ്ങൾ അപ്പപ്പോൾ ലേലം ചെയ്ത് ഡിസ്പോസ് ചെയ്യാൻ നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. പോലീസ്, ഫോറസ്റ്റ് ഡിപ്പാർട്ടു മെന്റുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ സംസ്ഥാനത്ത് നടന്നുവരുന്നത്. ഇക്കോ ടൂറിസം പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടു ത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണ്. എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പാക്കിയതും പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്റ്റൈപന്റ് 500 രൂപ യിൽനിന്നും 700 രൂപയായി വർദ്ധിപ്പിച്ചതും പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ സ്റ്റൈപന്റ് 700 രൂപയിൽ നിന്ന് 900 രൂപയായി വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റാണ്. കൊമേഴ്സ്യൽ പർപ്പസിനുള്ള കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കാനുള്ള തീരുമാനം ശ്ളാഘനീയമാണ്. 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാവുന്ന 11 പുതിയ സ്കീമുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ടൂറിസത്തിന്റെ കാര്യത്തിൽ ഇത്രയേറെ പ്രാധാന്യം നല്കുന്ന ഒരു സ്റ്റേറ്റ് ഇൻഡ്യയിലില്ല. ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും ടൂറിസം വികസനത്തിന് പ്രാധാന്യം നൽകുന്നുണ്ട്.. ട്രോളിംഗ് സമയത്ത് കഷ്ടതയനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തതും

ബ്ലേഡ് മാഫിയകളിൽ നിന്നും സംരക്ഷണം നൽകാനുള്ള പദ്ധതി ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കിയതും ഈ ഗവൺമെന്റാണ്.

ശ്രീ. സി. എഫ്. തോമസ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവണ്മെന്റ് പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. രൂക്ഷമായ വിലക്കയറ്റം തടയുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പട്ടികജാതി ക്ഷേമവകുപ്പിന് അനുവദിച്ച തുകയുടെ 25 ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ, .മരുന്നു കമ്പനികൾക്കുള്ള കുടിശ്ശിക കൊടുക്കാത്തതു കാരണം സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്ത അവസ്ഥയാണുണ്ടായിരിക്കുന്നത്. തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തതും തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്നതിന്റെ ആരംഭം കുറിച്ചതും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. എന്നാൽ ഇപ്പോൾ അതിന്റെ പിതൃത്വം ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. സാധാരണക്കാരോടും പാവപ്പെട്ടവരോടും പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റാണിത്. കൈത്തറി, കശുവണ്ടി, കയർ, ഖാദി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിലെ അസംഘടിതരായ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. ഈ മേഖലയ്ക്ക് ആവശ്യമായ തുക കഴിഞ്ഞ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കെൽട്രോണിന്റെ പുനരുദ്ധാരണത്തിന് 10 കോടി രൂപ അനുവദിച്ചു. ആലപ്പുഴയിലെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനും അവിടെ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ഹെൽത്ത്

ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിനും കൊല്ലം മീറ്റർ കമ്പനി, അങ്കമാലിയിലെ ടെൽക് എന്നീ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും അവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വൈദ്യുതി ബോർഡിനെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. ആഗോളവൽക്കരണ നയം ദാരിദ്ര്യവും അസമത്വവും വളർത്താനാണ് സഹായിച്ചിട്ടുള്ളതെന്ന് ഐക്യരാഷ്ട്രസഭതന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഇതിൽനിന്നും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ 50000 കോടി രൂപയുടെ കടബാധ്യതയാണ് ഉണ്ടായിരുന്നത്. പെൻഷൻ കുടിശ്ശിക, കരാറുകാരുടെ കുടിശ്ശിക തുടങ്ങിയവയെല്ലാം ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് മൂന്ന് മാസത്തിനകം കൊടുത്തുതീർത്തു. വിദേശ മലയാളികളുടെ ഒരുവർഷത്തെ നിക്ഷേപമായ 13000 കോടി രൂപ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കേരളത്തെ പ്രതികൂലമായി ബാധിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാനത്തെ ക്രമസമാധാന നില ഭദ്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 26 മെഗാവാട്ട് വൈദ്യുതിയാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് 500 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മൽസ്യത്തൊഴിലാളികളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റാണിത്. വനം വകുപ്പിനെ രക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്കുവരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 25 ശതമാനം

വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തര വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസുകാർക്ക് പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങളും പ്രത്യേക പരിശീലനങ്ങളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിദേശമൂലധന നിക്ഷേപത്തിനും ഉയർന്ന സാങ്കേതികവിദ്യയ്ക്കും ഈ ഗവൺമെന്റ് എതിരല്ല. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അതേപടി പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. എല്ലാറ്റിനും യു.ഡി.എഫ്. ഗവണ്മന്റിനേയും കേന്ദ്ര ഗവണ്മെന്റിനേയും കുറ്റപ്പെടുത്തുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ സമീപനം ശരിയല്ല. ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയും എല്ലാ കാര്യങ്ങളിലും വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രിക്ക് കേരളത്തെ മുന്നോട്ടുനയിക്കാൻ സാധിക്കുകയില്ലെന്ന സത്യം വിസ്മരിക്കരുത്. എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ നേട്ടങ്ങളായി ഇവിടെ പറഞ്ഞ കാര്യങ്ങൾ മുഴുവൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തുള്ള നേട്ടങ്ങളാണ്. വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സന്മനസ്സു കാണിക്കാതെ കേന്ദ്ര ഗവണ്മെന്റിനെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ പദ്ധതി വിഹിതം കേന്ദ്രഗവണ്മെന്റ് നൽകിയെന്നത് നിഷേധിക്കാനാവില്ല. നാല് ജില്ലകൾക്ക് കാർഷിക പാക്കേജ് ചോദിച്ചതിൽ മൂന്നെണ്ണം നൽകിയതും രണ്ട് ജില്ലകളെ–ക്കൂടി പാക്കേജിൽ ഉൾപ്പെടുത്തിയതും ചേർത്തലയിൽ റെയിൽവേ വാഗൺ ഫാക്ടറിയും കേരളത്തിന് ടെലികോം സിറ്റിയും വാഗ്ദാനം ചെയ്തതും കേന്ദ്ര ഗവണ്മെന്റാണ്. കേന്ദ്രത്തിന്റെ സഹായത്തോടുകൂടി 22

തേയിലത്തോട്ടങ്ങൾ തുറക്കാൻ ശ്രമിക്കുമെന്ന് നയപ്രഖ്യാപനപ്രസംഗത്തിൽ പറയുന്നുണ്ട്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോ ടെക്നോളജിക്കായി 800 കോടി രൂപ കേന്ദ്ര ഗവണ്മെന്റ് മാറ്റി വച്ചുകൊണ്ട് 2006 ജൂലൈയിൽ എം.ഒ.യു. അയച്ചുതന്നിട്ട് കേന്ദ്ര ഗവണ്മെന്റിന് അംഗീകരിക്കാൻ പറ്റാത്ത നിബന്ധനകൾ വച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് തിരിച്ചയച്ചത് ശരിയായില്ല. കേന്ദ്രത്തിൽ നിന്ന് പരമാവധി സഹായങ്ങൾ നേടിയെടുക്കാനായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. പെട്രോൾ, ഡീസൽ വില കുറയ്ക്കുകയും ഫാം സെക്ടറിന് 2,25,000 കോടി രൂപ വായ്പ കൊടുക്കാനായി കേന്ദ്ര ബഡ്ജറ്റിൽ തുക മാറ്റിവയ്ക്കുകയും മൂന്ന് ശതമാനം കാർഷിക വായ്പ പലിശ കുറയ്ക്കുകയും കേരളത്തിലെ തോട്ടം മേഖലയ്ക്കുവേണ്ടി 3,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തത് കണ്ടില്ലെന്ന് നടിക്കരുത്. ഇവയെല്ലാം പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കാതെ കേന്ദ്രത്തിനെ കുറ്റം പറഞ്ഞുകൊണ്ട് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് ഈ സർക്കാരിന് ഭൂഷണമല്ല. യുവാക്കളെ പൂർണ്ണമായി വിസ്മരിച്ച ഒരു നയപ്രഖ്യാപനപ്രസംഗമാണിത്. 1-5-06 മുതൽ 31-1-07 വരെയുള്ള കാലയളവിൽ 13,798 പേർക്കാണ് പി.എസ്.സി. മുഖേന നിയമനം കൊടുക്കാൻ കഴിഞ്ഞതെന്ന സത്യം നിഷേധിക്കാനാവില്ല. ആശ്രയ പദ്ധതി യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 584 പഞ്ചായത്തുകളിലും 16 മുനിസിപ്പാലിറ്റികളിലും വ്യാപിപ്പിക്കുകയും 250 പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തുക മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ

വന്നശേഷം ഇതുവരെ 14 പഞ്ചായത്തുകളിൽ മാത്രമാണ് ആ പദ്ധതി വ്യാപിപ്പിച്ചത്. 2007 മാർച്ച് 31-ാം തീയതിക്കകം 11 പഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിക്കുമെന്ന് പറയുന്നു. കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തന ത്തിനായി യു.ഡി.എഫ്. ഗവണ്മെന്റ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുക വെട്ടിക്കുറച്ചതിനെ അംഗീകരിക്കാനാവില്ല. ഭാരത് നിർമ്മാൺ പദ്ധതി, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, നാഷണൽ റൂറൽ എംപ്ളോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം, ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ പ്രോജക്ട് എന്നീ കേന്ദ്ര പദ്ധതികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനും പ്രയോജനപ്പെടുത്താനും ഗവണ്മെന്റ് മുൻകൈ എടുക്കണം. വിദ്യാഭ്യാസ മേഖലയിൽ കാലത്തിനനുസരിച്ചുള്ള നേട്ടങ്ങൾ കൈവരിക്കാനും പുതിയ തലമുറയ്ക്ക് തൊഴിലവസരങ്ങൾ കൊടുക്കാനും സാധിക്കണം. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അട്ടിമറിച്ചു; പകരം പദ്ധതി നടപ്പാക്കിയിട്ടില്ല. കാർഷിക-പരമ്പരാഗത-വ്യവസായ മേഖലകളുടെ പ്രാധാന്യത്തിനനുസരിച്ച് പ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കാൻ കഴിയണം. എ.ഡി.ബി. കരാർ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യണം. സംസ്ഥാനം ഇന്ന് ഗുണ്ടാ മാഫിയകളുടെ പിടിയിലമർന്നിരിക്കുകയാണ്. ഗുണ്ടാ വിരുദ്ധ നിയമത്തിന്റെ ഉപദേശക സമിതിയിൽ ഒരു ജഡ്ജിയെ ചെയർമാനായും പാർട്ടിയിൽപ്പെട്ട രണ്ട് പേരെ അംഗങ്ങളായും വയ്ക്കുന്ന സമീപനത്തിൽ നിന്ന് ഗവണ്മെന്റ് പിൻമാറണം. യു.ഡി.എഫ്. ഗവണ്മെന്റ് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ച് ഒരന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാകണം. കഴിഞ്ഞ സർക്കാർ സുനാമി ഫണ്ട് ദുർവിനിയോഗം

ചെയ്തില്ലെന്നു മാത്രമല്ല, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കു ചേർത്ത ആ ഫണ്ട് വളരെ സുതാര്യമായി ചെലവഴിക്കുകയാണ് ചെയ്തത്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള എല്ലാ പ്രതിപക്ഷ എം.എൽ.എ.മാരും അന്ന് നൽകിയ അപേക്ഷകളിൻമേൽ തുക വിതരണം ചെയ്തിരുന്നു. സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്യുന്നു എന്നു പറഞ്ഞപ്പോൾ സുനാമിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സർക്കാർ നേരിൽ സ്വീകരിക്കാതെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തിരം ലഭ്യമാക്കി അതിന്മേൽ അനുമതി നൽകുകയാണ് ചെയ്തിരുന്നത്. സർവ്വകക്ഷി യോഗത്തിൽ സുനാമി ഫണ്ട് പ്രത്യേക ഫണ്ടാക്കണം എന്ന അഭിപ്രായമുണ്ടായിരുന്നെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽത്തന്നെ ചേർക്കുകയായിരുന്നു. 2004 ആഗസ്റ്റ് 31 മുതൽ ഡിസംബർ 26 വരെയുള്ള നാല് മാസക്കാലയളവിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മാനുഷിക പരിഗണനയർഹിക്കുന്ന കേസുകൾക്കായി 5.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സുനാമി ഫണ്ട് ക്ളോസ് ചെയ്തതിനു ശേഷം അടുത്ത 8 മാസക്കാലത്തേയ്ക്ക് മാനുഷിക പരിഗണനയർഹിക്കുന്ന കേസുകൾക്കായി വിതരണം ചെയ്തത് 8.3 കോടി രൂപയാണ്. 4 മാസത്തെ വിതരണവുമായി താരതമ്യം ചെയ്തുനോക്കുമ്പോൾ 8 മാസത്തെ തുക കുറവാണ്. പാവപ്പെട്ടവർക്കുള്ള ചികിൽസാ സഹായം, പൂവാർ കലാപത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുവാനുള്ള ധനസഹായം, ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം, കാസർഗോഡ് ജില്ലയിൽ

മണ്ണിടിച്ചിലിൽ മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം, ഇരിട്ടി കലാപ ബാധിതർക്കുള്ള ധനസഹായം, പൂട്ടിയ തേയിലത്തോട്ടം തൊഴിലാളികൾക്കും ഈറ്റത്തൊഴിലാളികൾക്കും സൗജന്യറേഷനു വേണ്ടി നൽകിയ തുക എന്നിങ്ങനെയാണ് 8.3 കോടി രൂപ ചെലവഴിച്ചത്. സുനാമി കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കു കിട്ടിയ മുഴുവൻ തുകയും ചെലവഴിച്ചു. മേൽപ്പറഞ്ഞ വിതരണത്തിൽ അർഹതയില്ലാത്ത അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടുള്ളതായി ചൂണ്ടിക്കാണിച്ചാൽ ആയതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിൻമേലുള്ള നന്ദിപ്രമേയ ചർച്ചാവേളയിൽ ശ്രീ കെ.എം. മാണി ഉന്നയിച്ച രണ്ടു കാര്യങ്ങളെക്കുറിച്ചാണ് പറയാനുള്ളത്. സുനാമി ഫണ്ട് വക മാറ്റി ചെലവഴിച്ചു എന്ന സി.ആന്റ്.എ.ജി. റിപ്പോർട്ട് ക്വാട്ട് ചെയ്തുകൊണ്ടാണ് അദ്ദേഹം ഇതു പറഞ്ഞത്.. പൊതു ധനവിനിയോഗത്തിലെ ക്രമക്കേടുകളെക്കുറിച്ച് ആധികാരികമായി സി.ആന്റ്.എ.ജി. ചൂണ്ടിക്കാണിക്കുമ്പോൾ സാധുജനപരിപാലനത്തിനായി ചെലവഴിച്ചുവെന്നാണ് പ്രതിപക്ഷനേതാവ് അവകാശപ്പെടുന്നത്. പബ്ളിക്ക് ഫണ്ട് യൂട്ടിലൈസേഷൻ നിയമങ്ങളോ നോംസോ അനുസരിച്ചല്ല പ്രസ്തുത ഫണ്ട് വിനിയോഗിച്ചത്. സുനാമി ബാധിതപ്രദേശത്തുനിന്നും ജയിച്ചുവന്ന ഒരാളാണ് ഞാൻ. എന്റെ മണ്ഡലത്തിൽ സുനാമി ദുരന്തത്തിൽപ്പെട്ട ആയിരക്കണക്കിനാളുകളുണ്ട്. സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്തത് സംബന്ധിച്ച് അവർ പരാതി ഉന്നയിച്ചിരുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കേരള ഹൈക്കോടതിയിലും ലോക് ആയുക്തയിലും ഇത് സംബന്ധിച്ച് കേസ് നിലവിലുളളതാണ്. ആ കേസ് സംബന്ധിച്ച് 2005-ൽ റവന്യൂ വകുപ്പിൽനിന്നും ലോക് ആയുക്തയ്ക്ക് കൊടുത്ത സ്റ്റേറ്റുമെന്റിൽ 8.3 കോടി രൂപ സുനാമിയേതര ആവശ്യങ്ങൾക്ക് ചെലവഴിച്ചതായി പറയുന്നുണ്ട്. ഇത് വഞ്ചനയാണെന്നാണ് ലോക് ആയുക്ത അഭിപ്രായപ്പെട്ടത്.

ശ്രീ. സി. ദിവാകരൻ : ലോക് ആയുക്ത പറഞ്ഞത് ശരിയാണ്. ഇത് വഞ്ചനയാണ്. യു.ഡി.എഫ്. സർക്കാർ കാര്യങ്ങളെല്ലാം സുതാര്യമായി ചെയ്തിരുന്നുവെങ്കിൽ സി.ആന്റ്.എ.ജി.യുടെ ക്വറി വരില്ലായിരുന്നു. മുഖ്യമന്ത്രി ഉൾപ്പെട്ട സംസ്ഥാന സമിതിയിൽ ഒമ്പത് ജില്ലകളിലെ എം.എൽ.എ.മാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും അടങ്ങുന്ന സമിതി രൂപീകരിച്ച് ഒമ്പത് ജില്ലകളിലെയും സുനാമി ഫണ്ടിന്റെ കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടർ ചെയർമാനായ ഉദ്യോഗസ്ഥരുടെ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സുനാമി ദുരന്തമുണ്ടായി രണ്ട് വർഷം തികഞ്ഞ 2006 ഡിസംബർ 26-ന് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ഓർമ്മയ്ക്കായി മണ്ഡപം നിർമ്മിക്കാൻ 27 ലക്ഷം രൂപ അനുവദിച്ചു. മരണപ്പെട്ടവരുടെ കുടുംബങ്ങൾ എടുത്ത ഒരു ലക്ഷം രൂപവരെയുളള വായ്പകൾ എഴുതിത്തളളി. 16 കോടി രൂപയുടെ പുതിയ സ്കീം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. സുനാമി ദുരന്തത്തിൽ രക്ഷിതാക്കൾ നഷ്ടപ്പെട്ട 33 കുട്ടികളുടെ പേരിൽ 51000 രൂപ വീതം ബാങ്കുകളിൽ നിക്ഷേപിക്കുകയും അതിൽനിന്നും കിട്ടുന്ന പലിശയായ 300

രൂപ ആ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ലഭിക്കുന്നതും പ്രായപൂർത്തിയായിക്കഴിഞ്ഞാൽ ആ തുക അവർക്ക് പിൻവലിക്കാവുന്നതുമാണ്. ഇതുകൂടാതെ സുനാമി ദുരന്തത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പായി മാസം തോറും 300 രൂപ നൽകുന്നതാണ്. ഒമ്പത് ജില്ലകളിലെ 18677 കുട്ടികൾക്ക് ഈ തുക വിതരണം ചെയ്യും. കുട്ടികളുടെ മനോവീര്യം വീണ്ടെടുക്കാനായി കൗൺസിലിംഗ് സെന്ററുകൾ തുറക്കും. മുൻ ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾക്ക് 25000 രൂപ കൊടുത്തു. സുനാമി പുനരധിവാസ പദ്ധതിക്കായി 660 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കരുനാഗപ്പള്ളിയിൽ സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഒരു വീടുപോലും നിർമ്മിച്ചു നൽകിയിട്ടില്ല. സന്നദ്ധ സംഘടനകളാണ് വീടുകൾ നിർമ്മിച്ചു നൽകിയത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഗവർണ്ണറുടെ നയപ്രഖ്യപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് കൂടുതൽ പരാമർശങ്ങളൊന്നും നടത്തിയതായി കാണുന്നില്ല. മുൻ ഗവൺമെന്റിന്റെ കാലത്ത് ഗുണ്ടാ ആക്ട് സംബന്ധിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചെങ്കിലും യാതൊരു തുടർ നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പുതിയ ഓർഡിൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ ഓർഡിനൻസിൽ പോലീസിന് അനിയന്ത്രിതമായ അധികാരങ്ങൾ കൊടുത്തിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ജില്ലാ കളക്ടർമാർക്കും

ജില്ലാ മജിസ്ട്രേട്ടുമാർക്കുമാണ് പുതിയ ഓർഡിനൻസ് പ്രകാരം ചുമതല കൊടുത്തിട്ടുള്ളത്. ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ചെയർമാനായിട്ടുള്ള സമിതിയാണിത്. ഓർഡിനൻസിൽ സിറ്റിംഗ് ജഡ്ജിയോ റിട്ടയേർഡ് ജഡ്ജിയോ എന്നാണ് പറയുന്നത്. സിറ്റിംഗ് ജഡ്ജിയെത്തന്നെ വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതന്നു. രാഷ്ട്രപതി യുടെ അംഗീകാരമുണ്ടെങ്കിലേ സിറ്റിംഗ് ജഡ്ജിയുടെ സേവനം കിട്ടുകയുള്ളൂ. അതിനായി രാഷ്ട്രപതിക്ക് അയച്ചിരിക്കുകയാണ്. രാഷ്ട്രീയക്കാരെ ആരെയും വയ്ക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. സമിതിയിലെ മറ്റ് രണ്ട് അംഗങ്ങൾ വിരമിച്ച ജഡ്ജിമാരാണ്. ഓർഡിനനൻസ് നിയമസഭയിൽ വരുമ്പോൾ അത് സംബന്ധിച്ചുള്ള കൂടുതൽ ചർച്ചയാവാം. പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് സിറ്റിംഗ് ജഡ്ജിയെത്തന്നെ വച്ചത്. മണൽ–വനം–ബ്ളേഡ്–ചാരായ മാഫിയകൾ, പെൺവാണിഭ സംഘങ്ങൾ, കൂലിത്തല്ലുകാർ, വാടക ഗുണ്ടകൾ, വ്യാജ സി.ഡി. നിർമ്മാതാക്കൾ എന്നിവ രെയെല്ലാം ഈ ഓർഡിനൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ ലൈസൻസുള്ള തോക്ക് മാത്രമേ ഉപയോഗി ച്ചിട്ടുള്ളൂ. അദ്ദേഹം കൃത്യമായി ലൈസൻസ് പുതുക്കിയിട്ടുണ്ട്. 24-01-2007–ലാണ് അവസാനമായി പുതുക്കിയത്. അദ്ദേഹത്തിന്റെ ബാഗിൽനിന്നും വെടിയുണ്ട കണ്ടെത്തിയത് സംബന്ധിച്ച് ചെന്നൈയിൽ എടുത്ത കേസിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. അഴിമതി ക്കെതിരെ എൽ.ഡി.എഫ്. ഗവൺമെന്റ് ശക്തമായ നടപടികളാണ് സ്വീകരി ക്കുന്നത്. കെ.എസ്.ടി.പി.യിലും സിവിൽ സപ്ളൈസിലും ദേവസ്വം

ബോർഡിലും നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസും സി.ബി.ഐ.യും അന്വേഷണം നടത്തുകയാണ്. മുഖ്യമന്ത്രിയുടെ മകൻ അരുൺകുമാറിന്റെ പേരിൽ കേരളാ സ്റ്റേറ്റ് കയർഫെഡ് എംപ്ളോയീസ് പ്രസിഡന്റ് എഴുതിയ 17 ആരോപണങ്ങളടങ്ങിയ പരാതി അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് യു.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തിരുന്നു. അത് സംബന്ധിച്ച് അന്വേഷണം നടത്തിയപ്പോൾ കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ നടത്താനാണ് ഓർഡറിട്ടത്. അത് സംബന്ധിച്ച് അന്വേഷിച്ചശേഷം ഈ പരാതിയിൽപ്പറയുന്ന 17 ആരോപണങ്ങളും നിലനിൽക്കുന്നതല്ല എന്ന് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ആഡിറ്റ് നടത്തണമെന്നാണ് പറഞ്ഞിട്ടുള്ളത്. അഴിമതിക്കെതിരായി പ്രവർത്തിക്കുകയും രാജ്യം മുഴുവൻ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു നേതാവാണ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ. അദ്ദേഹത്തിന്റെ കുടുംബത്തെപ്പറ്റി വാർത്തകളുണ്ടാക്കി പുകമറ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. യു.ഡി.എഫ്. ഭരണകാലത്തുനടന്ന ഓരോ അഴിമതിയെക്കുറിച്ചും അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ശ്രദ്ധ തിരിച്ചുവിടാനാണ് ഇങ്ങനെ അഴിമതി ആരോപണം ഉന്നയിക്കുന്നത്.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ കോടതിപോലും പറയേണ്ടിവന്നു എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. 1997-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് റിസർവ്വ് കണ്ടക്ടർ തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്. പരീക്ഷ നടത്തി റാങ്ക്ലിസ്റ്റ് വന്നത് 18-9-

2001-ലാണ്. 14238 പേരുണ്ടായിരുന്ന ലിസ്റ്റിൽനിന്ന് 2198 പേർക്ക് ആദ്യം അഡ്വൈസ് അയച്ചെങ്കിലും 845 പേർ ജോയിൻ ചെയ്തില്ല. അതിനുശേഷം വീണ്ടും 520 പേർക്ക് അഡ്വൈസ് അയച്ചു. 31-12-2004-ൽ ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞു. അപ്പോൾ ഒഴിഞ്ഞുകിടന്ന തസ്തികകളിൽ നിയമനം നടത്താൻ അന്നത്തെ ഗവൺമെന്റ് തയ്യാറായിരുന്നില്ല. തുടർന്ന് നിയമനം ലഭിക്കാൻ അർഹതയുള്ളവർ കോടതിയെ സമീപിച്ചു. ഈ ഘട്ടത്തിൽ 869 പേരുടെ ഒഴിവ് റിസർവ്വ് കണ്ടക്ടർ തസ്തികയിലുണ്ടായിരുന്നു. 31-12-2004--ലെ ഒഴിവ് കൃത്യമായി പി.എസ്.സി.യെ അറിയിക്കാൻ കെ.എസ്.ആർ.ടി.സി.ക്കോ അന്നത്തെ സർക്കാരിനോ കഴിയാത്തതു കൊണ്ടാണ് കോടതിയിൽനിന്നും ഇങ്ങനെയൊരു ഓർഡറുണ്ടായത്. ആ ഒഴിവുകൾ നികത്താൻ കോടതിവിധി പ്രകാരം വേണ്ട നടപടി സ്വീകരിക്കുന്ന താണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): രണ്ട് മെഡിക്കൽ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ജൂൺ മാസത്തിൽ എം.സി.ഐ.യുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് വന്നതിൽ കേരളത്തിലെ 5 മെഡിക്കൽ കോളേജുകൾക്കും ഡെഫിഷ്യൻസിയുണ്ടെന്ന് പറഞ്ഞിരുന്നു. 3 മെഡിക്കൽ കോളേജുകളിൽ 50 സീറ്റ് വീതം കൂട്ടണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലാത്തതിനാൽ അടുത്ത വർഷം, 2007–08-ലേയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് പറഞ്ഞ്

ഗവൺമെന്റ് ഓഫ് ഇൻഡ്യ കത്ത് തന്നിരുന്നു. ഈ 3 മെഡിക്കൽ കേളേജുകളിലെ എല്ലാ ഡെഫിഷ്യൻസികളും പരിഹരിക്കാമെന്നും അതിനാവശ്യമായ എല്ലാ കാര്യങ്ങളും കംപ്ളൈ ചെയ്യാമെന്നും പറഞ്ഞ ശേഷമാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ വീണ്ടും ഇൻസ്പെക്ഷൻ നടത്തി, പഴയ റിപ്പോർട്ട് തിരുത്തിയത്. കൂടാതെ ടീച്ചേഴ്സിന്റെയും ഡോക്ടർമാരുടെയും പ്രശ്നം പരിഹരിക്കാനാവശ്യമായ താൽക്കാലിക സൗകര്യങ്ങൾകൂടി ചെയ്തതിനുശേഷമാണ് കോട്ടയം, തൃശൂർ മെഡിക്കൽ കോളേജുകളിൽ അധിക സീറ്റ് അനുവദിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു സീറ്റുപോലും കൂട്ടാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് മാസക്കാലത്തെ നിരന്തരമായ പരിശ്രമങ്ങളിലൂടെ നേടിയെടുത്തിട്ടുള്ള ഓർഡറാണിത്. അവസാനനിമിഷം സുപ്രീം കോടതിയിൽപ്പോയി അഡ്മിഷന്റെ തീയതിപോലും നീട്ടി എടുക്കേണ്ടിവന്നു. അങ്ങനെയാണ് 100 സീറ്റ് നേടിയെടുത്തത്.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : പ്രതിപക്ഷ നേതാവും പല പ്രമുഖ നേതാക്കളും കഴിഞ്ഞ 3 ദിവസമായി ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തെയും അതിനെ അനുകൂലിച്ചുകൊണ്ടുള്ള ശ്രീ. പി. ജയരാജന്റെ നന്ദിപ്രമേയത്തെ സംബന്ധിച്ചും വിമർശനം നടത്തുകയായിരുന്നു. കെ.എസ്.ടി.പി. യുടെ പേരിലുള്ള എം.സി.റോഡിലെ യാത്ര, വിലക്കയറ്റം എന്നിവ സംബന്ധിച്ച് രണ്ട് വാക്കൗട്ടുകളുണ്ടായി. വിലക്കയറ്റത്തിന് കാരണക്കാരായി പ്രതിപക്ഷം ഈ ഗവൺമെന്റിനെ ചിത്രീകരിച്ചപ്പോൾ കോൺഗ്രസ് നേതാവായ സോണിയാജിയുടെ അഭിപ്രായം വന്നിരുന്നില്ല; പിന്നീടാണ് അവരുടെ അഭിപ്രായം പുറത്തുവന്നത്. ഭരണപക്ഷത്തുള്ളവർ

കേന്ദ്രഗവൺമെന്റിനെ വിമർശിക്കുകയും എന്നിട്ട് കേന്ദ്രത്തിൽ പോയി കൈനീട്ടുകയും ചെയ്യുന്നു എന്ന് പ്രതിപക്ഷനേതാവടക്കം പരിഹസിച്ചു. ഞങ്ങളും കൂടി പിന്താങ്ങുന്ന ഒരു ഗവൺമെന്റാണ് കേന്ദ്രത്തിലുള്ളത്. ഞങ്ങളും അവരുമായി ചേർന്ന് തയ്യാറാക്കിയിട്ടുള്ള പൊതു മിനിമം പരിപാടി യുടെ അടിസ്ഥാനത്തിലാണ് ഭരണം നടത്തുന്നത്. ആ പരിപാടിയുടെ അന്തസ്സത്ത നടപ്പിലാക്കാതെ വരുമ്പോൾ വിമർശിച്ചിട്ടുണ്ട്, ഗുണദോഷി ച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഇന്ന് സോണിയാ ഗാന്ധിക്കുതന്നെ ഞങ്ങൾ വിമർശിച്ചുപോന്ന കാര്യങ്ങൾ ശരിയാണെന്ന് പറയേണ്ടിവന്നു എന്നുള്ളത് ആശ്വാസമാണ്. അന്യരാജ്യങ്ങളിൽ നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത് തടസ്സപ്പെടുത്തിയ ആളാണ് ജവഹർലാൽ നെഹ്റു. ഇറക്കുമതി ചുങ്കം കുറയ്ക്കുമ്പോൾ ആഭ്യന്തര ഉൽപ്പന്നങ്ങളുടെ വില കുറയും. ഈ നയവ്യതിയാനത്തെയാണ് ഞങ്ങൾ കറക്ട് ചെയ്യാൻ ശ്രമിക്കുന്നത്. ഞങ്ങളുടെ ആ ശ്രമം വിജയിക്കുകയാണ് ചെയ്യുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനും സഹകരണമേഖലയും യോജിച്ചുപ്രവർത്തിച്ചതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാൻ കഴിഞ്ഞു. എം.സി.റോഡിലെ യാത്രാ ദുരിതത്തിന് കാരണം സമയ പരിധിക്കുള്ളിൽ ഭൂമി ഏറ്റെടുത്തു കൊടുക്കാത്തതാണ്. യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയ കെ.എസ്.ടി.പി പദ്ധതിയിലെ കൊടിയ അഴിമതിയെ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ പോവുകയാണ്. എം.സി റോഡിന്റെ പണി എത്രയും വേഗം തീർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും. സുനാമി ഫണ്ട് സംബന്ധിച്ച് വിശദമായ കണക്ക് സൂക്ഷിക്കണമെന്നും അത് കമ്മിറ്റിയേയും ജനങ്ങളേയും ബോദ്ധ്യപ്പെടുത്തണമെന്നുമുള്ള മുൻപ്രതിപക്ഷ ത്തിന്റെ ആവശ്യം പരിഗണിക്കപ്പെടാത്തതാണ് കുഴപ്പങ്ങൾക്കും നീതിപീഠങ്ങ

ളുടെ പരാമർശങ്ങൾക്കും കാരണമായത്. ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ക്യാബിനറ്റ് പരിശോധിച്ച് നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് നടപ്പിലാക്കിയ കാര്യങ്ങൾ കഴിഞ്ഞ ഭരണകാലത്ത് നടപ്പിലാക്കിയതാണെന്ന നിലയിൽ പ്രതിപക്ഷനേതാവും മെമ്പർമാരും അവകാശവാദങ്ങൾ ഉന്നിക്കുക യാണ്. കർഷകരുടെ ആത്മഹത്യ സംബന്ധിച്ച പ്രശ്നം ഇടതുപക്ഷം ഉന്നയിച്ചപ്പോൾ അത് രാഷ്ട്രീയ പ്രേരിതമാണെന്ന് ആക്ഷേപിക്കുകയുണ്ടായി. സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്തിട്ടില്ലെന്ന റിപ്പോർട്ടാണ് കേന്ദ്രസർക്കാരിന് കഴിഞ്ഞ ഗവൺമെന്റ് നൽകിയത്. ഇക്കാര്യം വാസ്തവവിരുദ്ധമാണെന്ന് കേരളത്തിലെ എം.പി.മാർ കേന്ദ്രത്തെ ധരിപ്പിച്ചതിനെത്തുടർന്ന് കേന്ദ്ര സംഘം കേരളത്തിൽ വരികയും വിദർഭാമോഡൽ പദ്ധതിയിൽ 3 ജില്ലകളെ ഉൾപ്പെടുത്തുകയും 2 ജില്ലകളെക്കൂടി പിന്നീട് ഉൾപ്പെടുത്താമെന്ന് സമ്മതിക്കുകയും അതിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ കണക്കുപ്രകാരം 867 കർഷകരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. അവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ വീതം ധനസഹായം നൽകിക്കൊണ്ടിരിക്കുകയാണ്. എൻഡോസൾഫാൻ നിരോധനം ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് പൂർണ്ണമായും നടപ്പിലാക്കിയത്. കർഷക കടാശ്വാസ നിയമം രാജ്യത്തിനാകെ ബാധകമാകത്തക്കരീതിയിൽ കൊണ്ടുവരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അത് നടപ്പാക്കിയിട്ടില്ല. കർഷക കടാശ്വാസ നിയമം നിലവിൽ വന്നതോടെ ആത്മഹത്യാ നിരക്ക് കുറയാൻ ഇടയായത് ആശ്വാസകരമാണ്. കേരളം റെയിൽവേ ഭൂപടത്തിൽ കാര്യമായ

സ്ഥാനം നേടിയിട്ടുണ്ട്. ചേർത്തലയിൽ ഒരു ബോഗി നിർമ്മാണശാല സ്ഥാപിക്കുന്നതിന് അനുവാദം നൽകുകയും അതിന് കേന്ദ്ര ബഡ്ജറ്റിൽ 87 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ മലബാർ സ്പിന്നിംഗ് മിൽ തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. യശ്വന്ത്–കണ്ണൂർ– ബാംഗ്ളൂർ–തിരുവനന്തപുരം ട്രെയിൻ പ്രതിവാരമായിരുന്നത് ആഴ്ചയിൽ മൂന്ന് ദിവസമാക്കി. മാവേലി എക്സ്പ്രസ് ആഴ്ചയിൽ മൂന്നു ദിവസമായിരുന്നത് ദിവസേനയാക്കി. മുംബെയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ഗരീബ്രഥ് അനുവദിച്ചു. കോട്ടയം–തിരുവനന്ത പുരം പാസ്സഞ്ചർ ട്രെയിൻ നാഗർകോവിൽ വരെ നീട്ടി. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പ്രവർത്തനം തുടങ്ങി. കൊച്ചുവേളി. റെയിൽവേ സ്റ്റേഷനിൽ പുതിയ ടെർമിന ലിന്റെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് എഡ്യൂക്കേഷൻ റിസർച്ച് സെന്റർ സ്ഥാപിക്കുമെന്ന് ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. കേരളത്തിന് ഒരു ജലപാ തയുണ്ടായിരുന്നത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഉപയോഗപ്രദമാ ക്കാത്തതിനാൽ അത് നഷ്ടമായി. ഇപ്പോൾ ടൂറിസത്തിനുകൂടി പ്രചാരം കിട്ടത്തക്കനിലയിൽ മുൻഗണന നൽകി മഞ്ചേശ്വരം മുതൽ വിഴിഞ്ഞം വരെ റോഡുഗതാഗതം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുക യാണ്. കേന്ദ്ര ഗവണ്മെന്റിനെതിരെ ഈ ഗവണ്മെന്റ് ന്യായമായ വിമർശന ങ്ങൾ മാത്രമേ നടത്തിയിട്ടുള്ളു. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയം മൂലം കേരളത്തിലെ കൃഷിക്കാർ വിഷമാവസ്ഥയിലാണെന്ന സത്യം നിഷേധി ക്കുന്നില്ല. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം കുറച്ചതും കാർഷികോൽപ്പ

ന്നങ്ങളുടെ വിലയിടിവും കാരണം കേരളത്തിലെ കൃഷിക്കാർക്ക് പ്രതിവർഷം 7000 കോടി രൂപയാണ് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ കേന്ദ്രനയം തിരുത്തിക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചു നിൽക്കണം. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാര്യത്തിൽ ജനങ്ങൾക്ക് ഉപദ്രവകരമായ വ്യവസ്ഥകൾ പരമാവധി ഒഴിവാക്കണമെന്ന് അതിന്റെ പ്രതിനിധികളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ജനങ്ങളിൽനിന്നും ഈടാക്കുന്ന നികുതിയിൽ കുറവുവരുത്താം എന്ന് ധാരണയായിട്ടുണ്ട്. എ.ഡി.ബി. വായ്പ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി വീണ്ടും ചർച്ച നടത്തുന്നതാണ്. അതു സംബന്ധിച്ച് നിയമസഭയിൽ ചർച്ചചെയ്യുന്ന കാര്യം ബി.എ.സി. കൂടി തീരുമാനിക്കാവുന്നതാണ്. ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗം സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ പറഞ്ഞ സദുദ്ദേശപരമായ വിമർശനങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുകയാണ്. മുഖ്യമന്ത്രിയെന്ന നിലയിലുള്ള പ്രവർത്തനത്തിനിടയിൽ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ ചില പിശകുകളും പറ്റിയിട്ടുണ്ട്. അവ അംഗീകരിക്കുകയും തിരുത്തി മുന്നോട്ടുപോവുകയും ചെയ്യും. പാർട്ടിയുടെ അച്ചടക്കത്തിനു വിധേയമായി ചെയ്യുന്നതെല്ലാം അഭിമാനമായിട്ടാണ് കാണുന്നത്. തെറ്റുകളും കുറവുകളും പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് ഗവണ്മെന്റ് പരിശ്രമം നടത്തുന്നതാണ്.. വിദേശനയത്തേയും സാമ്പത്തിക നയത്തേയുമാണ് എൽ.ഡി.എഫ്. എതിർക്കുന്നത്. ഒരു പൊതു മിനിമം പരിപാടി കേന്ദ്രത്തോട് ആവശ്യപ്പെടുന്നതിന് ഭരണപക്ഷവും പ്രതിപക്ഷവും ധാരണയിൽ എത്തുന്നത് നന്നായിരിക്കും. കഴിഞ്ഞ 10 മാസത്തെ ഭരണത്തിനിടയ്ക്ക് 4 ലക്ഷം വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. 2007 മേയ് മാസത്തിൽ

നേര്യമംഗലത്ത് 25 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ്. വ്യവസായങ്ങൾ കൂടുതൽ വന്നതുകാരണം വൈദ്യുതി ഉപയോഗം ഒരു ദിവസം 7 മില്യൻ യൂണിറ്റ് വർദ്ധനവുണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശംപള പരിഷ്ക്കരണം ഈ ഗവണ്മെന്റ് നടപ്പിലാക്കി.

ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ.പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയം 36–നെതിരെ 86 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.21–ന് പിരിഞ്ഞു.

* * * * * * * * *